# ഭദ്രദീപ

## ഭദ്രാവതി രൂപതാബുള്ളറ്റിൻ

**Vol. 13, No. 2** **June, 2019**

Edited & Published by Fr. Sajeesh Mathew Thrikkodanmalil
Bodhana Pastoral Centre
P.B.No.26, Bhadravathi - 577301, Karnataka, India
Email: diocese@bhadravathidiocese.org
Website: www.bhadravathidiocese.org
Printed at : Matha Printers, Bangalore
9886809060

*for private circulation only*

# ഉള്ളടക്കം

ഇടയലേഖനം ........................................................ 5

മേജർ ആർച്ചുബിഷപ്പിന്റെ സർക്കുലർ.........................................8

രൂപതാകച്ചേരി വാർത്തകൾ.......................................................... 14

മതബോധന – ബൈബിൾ കമ്മീഷൻ .......................................... 17

വൊക്കേഷൻ ബ്യൂറോ ................................................................ 25

ചെറുപുഷ്പ മിഷൻലീഗ് ............................................................... 27

സീറോ മലബാർ മാതൃവേദി .......................................................... 29

മലനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ................................ 30

Bishop's Diary.......................................................................... 35

Bishop's Programme................................................................ 37

Kannada Section....................................................................... 38

# ഇടയലേഖനം

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരെ,

പുതിയ ഒരു അദ്ധ്യയന വർഷത്തിലേക്ക് നാം പ്രവേശിച്ചിരിക്കുക യാണല്ലോ. സ്കൂളുകളും കലാലയങ്ങളും തുറന്ന് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. നമ്മുടെ വിശ്വാസപരിശീലനവും പുതിയ ഒരു വർഷത്തിലേക്ക് പ്രവേശിക്കുകയാണല്ലോ.

വിശ്വാസനിക്ഷേപം കാത്തുസൂക്ഷിക്കുക എന്നതാണ് കർത്താവ് സഭയെ ഏൽപിച്ച ദൗത്യം. സഭ ഈ ദൗത്യം അതിന്റെ പൂർണ്ണതയിൽ നിറവേറ്റുകയും ചെയ്യുന്നു. വിശ്വാസം ജീവിക്കുന്ന സമൂഹമായി നമ്മുടെ സമൂഹം മാറുമ്പോൾ മാത്രമേ സഭയുടെ മതബോധനം അർത്ഥപൂർണ്ണമാവുകയുള്ളു. സഭയുടെ മതബോധനഗ്രന്ഥം അഞ്ചാം ഖണ്ഡികയിൽ മതബോധനത്തെ വിശേഷിപ്പിക്കുന്നത് 'വിശ്വാസ പരിശീലനം' എന്നാണ്. ആരാധനക്രമം കഴിഞ്ഞാൽ സഭയിൽ ഏറ്റവും അധികം പ്രാധാന്യമുള്ളതും മതബോധനത്തിനാണ്. സഭയുടെ വിശ്വാസ പ്രമാണങ്ങളും തത്വസംഹിതകളും പഠിപ്പിക്കാനും, പരിശോധിക്കാനും, പരിപാലിക്കാനും അവകാശവും കടമയും സഭയ്ക്കുണ്ട്. ഇത് മത ബോധനത്തിലൂടെയാണ് സാധ്യമാകുന്നത്. വിശ്വാസപരിശീലനത്തിലൂടെ ദൈവജനം ആത്മീയതയുടെ പക്വതയിലേക്ക് വളരുന്നു.

ക്രൈസ്തവ ജീവിതത്തിന്റെ പൂർണ്ണതയിലേക്ക് ശ്രോതാക്കളെ നയിക്കുക എന്ന ലക്ഷ്യത്തോടെ, സജീവമായും, ക്രമീകൃതമായും ക്രൈസ്തവ പ്രബോധനങ്ങൾ പഠിപ്പിക്കുകയാണ് മതബോധനത്തിന്റെ മുഖ്യധർമ്മം (CCC 04). എന്നാൽ വിശ്വാസപരിശീലനം അതിന്റെ ആരംഭംകുറിക്കുന്നത് അടിസ്ഥാനപരമായി കുടുംബങ്ങളിലാണ്. മാനുഷികമൂല്യങ്ങളും അടിസ്ഥാന വിശ്വാസപ്രമാണങ്ങളും ഒരു വ്യക്തി പരിശീലിക്കുന്ന പ്രഥമ കലാലയം കുടുംബംതന്നെയാണ്. നന്നായി നിലമൊരുക്കി വിത്തുവിതയ്ക്കുന്ന പ്രക്രിയയായി വിശ്വാസപരിശീലനത്തിന്റെ 'നിലമൊരുക്കൽ' എന്ന പ്രാഥമികപ്രക്രിയ ശ്രദ്ധാപൂർവ്വം നിർവഹിക്കേണ്ടത് മാതാപിതാക്കളാണ്. വളമുള്ള ഈ നിലത്തുനിന്നാണ് തുടർന്നുള്ള പരിശ്രമങ്ങൾ കരുത്താർജ്ജിക്കുന്നത്. കുടുംബത്തെ 'ഗാർഹി

കസഭ' എന്നും 'ജീവന്റെയും സ്നേഹത്തിന്റെയും' കൂട്ടായ്മയെന്നും വിശേഷിപ്പിക്കുന്ന രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖയിൽ കുടുംബത്തെക്കുറിച്ചുള്ള സഭയുടെ കാഴ്ചപ്പാടുകൾ വ്യക്തമാക്കുന്നു. മാതാപിതാക്കളാണ് വാക്കും മാതൃകയും വഴി കുട്ടികളോട് ആദ്യമായി വിശ്വാസം പ്രസംഗിക്കേണ്ടത് (LG 11).

കുടുംബം 'ക്രൈസ്തവ ജീവിതത്തിന്റെ പ്രഥമവിദ്യാലയവും', 'ഉന്നത മാനവികതയുടെ പാഠശാലയുമായി' തീരണമെന്ന് (GS 52), കൗൺസിൽ പിതാക്കന്മാർ നമ്മെ ഓർമിപ്പിക്കുന്നു. മമ്മോദീസ സ്വീകരിച്ച എല്ലാവരും കുടുംബത്തിൽ അവരുടെ രാജകീയ പൗരോഹിത്യം അഭ്യസിക്കുന്നു എന്ന് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം (CCC 1657)പഠിപ്പിക്കുന്നു.

ഇടവകകൾ കേന്ദ്രമാക്കി വിശ്വാസപരിശീലനം നൽകുന്ന രീതിക്കാണ് സഭ പ്രാമുഖ്യം നൽകുന്നത്. ഈ പാരമ്പര്യം പഴയകാലത്തിന്റെ വിശ്വാസ തീക്ഷ്ണതയുടെ ബാക്കിപത്രമാണ്. മതബോധനത്തിലൂടെ ഒരു ദേവാലയം രൂപപ്പെടുന്നു. ക്രിസ്തു വിശ്വാസത്തിന്റെ അമൂല്യ നിക്ഷേപം കുറവില്ലാതെ നൽകുന്ന സഭയുടെ മതബോധന പ്രക്രിയയിലൂടെ വ്യക്തികൾ ക്രമീകൃതമായി ക്രിസ്തു സന്ദേശത്തിന്റെ ജ്ഞാനത്തിലേക്കും ക്രിസ്തുകേന്ദ്രീകൃത പ്രായോഗികജീവിതത്തിലേക്കും നവോന്മേഷത്തിലേക്കും വളർച്ച പ്രാപിക്കുന്നു. 'മതബോധനം ഇന്ന്' എന്ന ചാക്രികലേഖനം ഇത് വ്യക്തമാക്കുന്നു. യേശു 'ദൈവപുത്രനായ ക്രിസ്തു' ആണെന്ന വിശ്വാസത്തിലേയ്ക്ക് ആളുകളെ നയിക്കുകയും അത് അവരെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുക, അങ്ങനെ ക്രിസ്തുവിന്റെ ശരീരം പടുത്തുയർത്തുക. ഇതാണ് മതബോധനം.

ഇടവകകളിൽ വിശ്വാസപരിശീലനത്തിന് നേതൃത്വം നൽകുന്ന ബഹു. വികാരിയച്ചന്മാർ, സമർപ്പിതർ, പ്രധാനദ്ധ്യാപകർ, മറ്റു മതാദ്ധ്യാപകർ എന്നിവരെ ഞാൻ അനുസ്മരിക്കുന്നു. നിങ്ങൾ സഭയിൽ ചെയ്യുന്ന വലിയ ഒരു ശുശ്രൂഷയാണിത്. രൂപതാ തലത്തിൽ ഈ ശുശ്രൂഷക്ക് നേതൃത്വം നൽകുന്ന മതബോധന ടീമിനെയും ഞാൻ നന്ദിയോടെ അനുസ്മരിക്കുന്നു. 2019 മെയ് മാസം 17, 18 തീയതികളിൽ മതാദ്ധ്യാപകർക്കായി നടത്തിയ ആമുഖ സെമിനാർ വളരെ ഉപകാരപ്ര

ദമായിരുന്നു എന്ന് പങ്കെടുത്തവർ അഭിപ്രായപ്പെടുകയുണ്ടായി. ഈ വർഷത്തെ രൂപതാതല പ്രവർത്തന പദ്ധതി ഇതിനോടകം നിങ്ങൾക്കു ലഭിച്ചല്ലോ. അതിനനുസൃതമായി ഇടവകയിലെ പ്രവർത്തനങ്ങളും ക്രമീകരിക്കുക.

നിങ്ങളുടെ മക്കളെ വിശ്വാസ ജീവിതത്തിൽ പരിശീലിപ്പിക്കുന്ന മതബോധന പ്രവർത്തനങ്ങളുടെ പ്രാധാന്യം മനസ്സിലാക്കി അതിനോട് നന്നായി സഹകരിക്കാൻ എല്ലാ മാതാപിതാക്കളെയും ഞാൻ ഉദ്ബോധിപ്പിക്കുന്നു. വർദ്ധിച്ച ഉത്സാഹത്തോടെയും, തീക്ഷ്ണതയോടെയും സഭയുടെ വിശ്വാപരിശീലന പ്രവർത്തനങ്ങളിൽ സഹകരിക്കാൻ എല്ലാവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു. എല്ലാവർക്കും ദൈവാനുഗ്രഹം നേർന്നു കൊണ്ടും, അടുത്തു വരുന്ന പന്തകുസ്താതിരുന്നാളിന്റെ മംഗളങ്ങൾ ആശംസിച്ചുകൊണ്ടും,

ഈശോയിൽ സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്

+ J. Arumachadath

**മാർ ജോസഫ് അരുമച്ചാടത്ത്**
ഭദ്രാവതി രൂപതയുടെ മെത്രാൻ

# മേജർ ആർച്ചുബിഷപ്പിന്റെ സർക്കുലർ

## സഭാദിനം – ജൂലൈ 3, 2019

*സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!*

ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ ദിവസമായ ജൂലൈ 3 ആണല്ലോ പതിവനുസരിച്ച് സീറോ മലബാർ സഭാദിനമായി ആചരിച്ചു വരുന്നത്. തോമാശ്ലീഹായുടെ സുവിശേഷ പ്രഘോഷണത്തിലൂടെ വിശ്വാസം സ്വീകരിച്ച പൂർവ്വികന്മാർ നമുക്ക് കൈമാറിത്തന്ന വിശ്വാസത്തിന്റെ വെളിച്ചം കൂടുതൽ പ്രകാശിപ്പിക്കാൻ കടപ്പെട്ടവരാണ് നാമെല്ലാവരുമെന്ന് ദുക്റാന തിരുനാൾ ഓർമ്മപ്പെടുത്തുന്നു. നമ്മുടെ എല്ലാ രൂപതകളിലും ഇടവകകളിലും സ്ഥാപനങ്ങളിലും സഭാദിനം ആഘോഷിക്കുമ്പോൾ, കാലഘട്ടത്തിന്റെ പ്രത്യേകതകളിൽ ഈശോമിശിഹായുടെ സുവിശേഷം ഫലപ്രദമായി പ്രഘോഷിക്കാനുള്ള കൃപയ്ക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

ഗാഗുൽത്തായിൽ രക്തം ചിന്തിയവനിലുള്ള വിശ്വാസത്താൽ പ്രേരിതനായി മൈലാപ്പൂരിൽ തോമാശ്ലീഹ സ്വന്തം രക്തം ചിന്തി മരണം കൈവരിച്ചതുമുതലാണ് നമ്മുടെ സഭ വളർന്നു തുടങ്ങിയത്. തോമാശ്ലീഹായുടെ സുവിശേഷ പ്രഘോഷണത്തിലൂടെ രൂപീകൃതമായ വിവിധ സഭകളുടെ ഇടയിൽ നമ്മുടെ സഭ പ്രേഷിതപ്രവർത്തനങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നു. ഇക്കാരണത്താൽ, നമ്മുടെ പിതാവിനെപ്പോലെ ധീരതയോടെ സുവിശേഷത്തിനു സാക്ഷ്യം വഹിക്കാനുള്ള ദൗത്യം നമുക്കുണ്ട്. 'അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം' (യോഹ. 11:16) എന്ന അപ്പസ്തോലന്റെ വാക്കുകൾ ഈശോയുമായുള്ള

ആഴമായ സൗഹൃദത്തിൽ നിന്ന് ശക്തി പ്രാപിച്ചവയായിരുന്നു. ഈശോയെ കൂടുതൽ അറിയാനും കുടുതൽ സ്നേഹിക്കാനും ആഗ്രഹിച്ച ശ്ലീഹായുടെ ആത്മാർത്ഥത നിറഞ്ഞു നില്ക്കുന്ന സമീപനം സുവിശേഷത്തിൽ കാണുന്നുണ്ട്. 'കർത്താവേ, നീ എവിടേയ്ക്കു പോകുന്നുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ, പിന്നെ വഴി ഞങ്ങൾ എങ്ങനെയറിയും'? (യോഹ. 14:5) എന്ന ചോദ്യവും ഈശോമിശിഹായെ ഏറ്റവും അടുത്തനുഗമിക്കാനുള്ള അദ്ദേഹത്തിന്റെ ആഗ്രഹത്തെയാണ് പ്രകടമാക്കുന്നത്. താൻ സ്ഥലത്തില്ലാതിരുന്നപ്പോൾ മറ്റുള്ളവർക്കു നൽകപ്പെട്ട ഉത്ഥിതന്റെ ദർശനം തനിക്കും ലഭിക്കണമെന്ന തീവ്രമായ ആഗ്രഹവും 'അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും അവയിൽ എന്റെ വിരൽ ഇടുകയും അവന്റെ പാർശ്വത്തിൽ എന്റെ കൈ വയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല' (യോഹ. 20:25) എന്ന ശാഠ്യവും തോമാശ്ലീഹായുടെ വിശ്വാസത്തിന്റെ വലിയ ഏറ്റുപറച്ചിലായിരുന്നു. ഇപ്രകാരം, ഈശോമിശിഹായോടുള്ള വ്യക്തിപരമായ സ്നേഹവും അടുപ്പവും ഹൃദയത്തിൽസൂക്ഷിച്ച തോമാ ശ്ലീഹാ, തന്റെ ഗുരുവിൽ ഉത്ഥിതന്റെ അടയാളങ്ങൾ കണ്ടപ്പോൾ നടത്തിയ 'എന്റെ കർത്താവേ എന്റെ ദൈവമേ' എന്ന വിശ്വാസ പ്രഖ്യാപനം, അദ്ദേഹത്തിന്റെ സ്നേഹവും തീക്ഷ്ണതയും പ്രകടിപ്പിക്കുന്നതായിരുന്നു.

തന്റെ ഗുരുവിനോടുള്ള സ്നേഹവും അടുപ്പവും പരസ്യജീവിത കാലത്തെ സാധാരണ അനുഭവങ്ങളുടെ പരിമിതികൾ കടന്ന് ഉത്ഥാനാ നുഭവത്തിലെത്തിയപ്പോഴാണ് തോമാശ്ലീഹായിലെ പ്രേഷിതൻ രൂപ പ്പെടുന്നത്. പലസ്തീനായിൽ നിന്ന് കൊടുങ്ങല്ലൂർ വഴി, വിവിധ സ്ഥലങ്ങൾ കടന്ന് മൈലാപ്പൂരിൽ അവസാനിച്ച തോമാശ്ലീഹായുടെ പ്രേഷിത യാത്ര ആധുനിക സമൂഹത്തിന്റെ വിശാല വഴികളിലൂടെ തുടരാൻ വിളിക്ക പ്പെട്ടവരാണ്, സഭാമക്കളായ നമ്മൾ എല്ലാവരും. നമ്മുടെ സഭയും തോമാശ്ലീഹായിൽ നിന്ന് വിശ്വാസം സ്വീകരിച്ച ഇതരസഭകളും ഈ ദൗത്യം തുടരുന്നുണ്ട്. തോമാശ്ലീഹായുടെ വിശ്വാസ തീക്ഷ്ണതയും അദ്ദേഹം ജീ വിച്ച കാലഘട്ടത്തിന്റെ വെല്ലുവിളികളും അതിന്റെ ഫലമായ രക്തസാക്ഷി ത്വവും നമ്മുടെ സുവിശേഷപ്രചരണ സംരംഭങ്ങളിൽ കാലാനു സൃതമായി പ്രതിഫലിക്കണം.

സഭാദിനാചരണത്തിന്റെ പശ്ചാത്തലത്തിൽ, സീറോമലബാർ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെയും അവ ലോകത്തിനു നല്കിയ നിരവധി ഫലങ്ങളെയും ഓർത്ത് നന്ദി പറയാം. ലോകമെമ്പാടും ഇന്ന് സീറോമലബാർ സഭയുടെ മക്കൾ സജീവസാക്ഷ്യം നല്കി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു എന്നത് സന്തോഷകരമായ യാഥാർത്ഥ്യമാണ്. നമ്മുടെ സഭയിൽ നിന്നുള്ള മെത്രാന്മാരും വൈദികരും സമർപ്പിതരും മറ്റ് വ്യക്തിസഭകളിൽ ഫലപ്രദമായ അജപാലന–പ്രേഷിത ശുശ്രൂഷകൾ ചെയ്യുന്നതും അഭിമാനാർഹമായ കാര്യമാണ്. മാർതോമ്മാ ശ്ലീഹാ തെളിയിച്ചുതന്ന വിശ്വാസദീപം ലോകമാസകലം പ്രകാശിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ തീക്ഷ്ണതയോടെ നമുക്കു തുടരാം. ഭാരതംമുഴുവനിലും പ്രേഷിതപ്രവർത്തനം നടത്തുവാനുള്ള അവസരം ലഭിച്ച നമ്മുടെ സഭ പ്രേഷിത ചൈതന്യത്തിൽ കൂടുതൽ വളരേണ്ടതുണ്ട്. ഗൾഫ്, സിംഗപ്പൂർ, ആഫ്രിക്കയിലെ ചില രാജ്യങ്ങൾ എന്നിവിടങ്ങളിലെ നമ്മുടെ വിശ്വാസികൾക്കും കൂടി നമ്മുടെ സഭയുടെ തനതായ അജപാലന സൗകര്യങ്ങൾ അവയുടെ പൂർണ്ണതയിൽ ലഭിക്കുന്നതിനുവേണ്ടി എല്ലാവരും പ്രാർത്ഥിക്കണം.

ഏതൊരു പ്രേഷിതപ്രവർത്തനവും ആത്മാർത്ഥതയോടെ ഏറ്റെടുക്കുകയും പ്രതിബദ്ധതയോടെ തുടരുകയും ചെയ്യണമെങ്കിൽ അയച്ചവനോടുള്ള ബന്ധവും വിശ്വസ്തതയും സജീവമായി നിലനിർത്തണം. ആധുനിക സമൂഹത്തിന്റെ പ്രായോഗിക സംസ്കാരത്തിൽ, ചില തത്വചിന്തകളും ദൈവശാസ്ത്ര സമീപനങ്ങളും ഈ വിശ്വസ്തതയ്ക്ക് എതിരായി നിൽക്കുന്നുണ്ട്. ഈശോയുടെ രക്ഷാകരദൗത്യം തങ്ങളോടുതന്നെയും വിശ്വാസസമൂഹത്തോടും പൊതുസമൂഹത്തോടും ഫലപ്രദമായി പ്രഘോഷിക്കാൻ എല്ലാ സഭാംഗങ്ങൾക്കും സാധിക്കണം.

വർത്തമാനകാലത്തിൽ സഭയുടെ പ്രേഷിത സ്വഭാവത്തെയും ദൗത്യത്തെയും ലോകത്തിനുമുൻപിൽ അവതരിപ്പിക്കുന്നതിൽ ഫ്രാൻസിസ് മാർപാപ്പ എപ്പോഴും ശ്രദ്ധാലുവാണ്. യുവജനങ്ങൾക്കുവേണ്ടി റോമിൽ നടന്ന പ്രത്യേക സിനഡിനുശേഷം പുറത്തിറക്കിയ 'ക്രിസ്തു ജീവിക്കുന്നു' (Christus vivit) എന്ന അപ്പസ്തോലിക പ്രബോധനം മാർപാപ്പയുടെ ലോകത്തോടുള്ള ശക്തമായ സുവിശേഷ പ്രഘോഷണമാണ്. ഈ

അപ്പസ്തോലിക പ്രബോധനത്തിൽ ഏതൊരു ക്രൈസ്തവനും വിശ്വസിക്കേണ്ടതും ജീവിക്കേണ്ടതും പ്രഘോഷിക്കേണ്ടതുമായ മൂന്ന് സത്യങ്ങളെ അവതരിപ്പിക്കുന്നുണ്ട്. ദൈവം നിന്നെ സ്നേഹിക്കുന്നു, ക്രിസ്തുവാണ് രക്ഷകൻ, ക്രിസ്തു ജീവിക്കുന്നു എന്നിവയാണ് മാർപാപ്പ ലോകത്തോട് പ്രഘോഷിക്കുന്ന സുവിശേഷ സത്യങ്ങൾ. ഉപഭോഗ മരണസംസ്കാരങ്ങൾ ആധുനിക മനുഷ്യന്റെ നിഷേധാത്മകതയെ വളർത്തി സുവിശേഷ മൂല്യങ്ങളിൽ നിന്നും സഭയിൽ നിന്നും അകറ്റുമ്പോൾ രക്ഷകനായ ക്രിസ്തു ഇന്നും ജീവിക്കുന്നവനാണെന്നു പ്രഘോഷിക്കുന്നതാണല്ലോ വിമോചനത്തിന്റെ സുവിശേഷം. എല്ലാ പ്രേഷിതപ്രവർത്തനങ്ങളും അടിസ്ഥാനമിടേണ്ടതും അർത്ഥം കണ്ടെത്തേണ്ടതും ഈ സത്യത്തിൽ നിന്നാണ്. ഈ കാലഘട്ടത്തിലും നമ്മൾ പ്രഘോഷിക്കേണ്ടതും ജീവിക്കേണ്ടതും പ്രാവർത്തികമാക്കേണ്ടതുമായ സത്യവും ഇതുമാത്രമാണ്.

ദൈവം നല്കിയ അനുഗ്രഹങ്ങൾക്കിടയിലും ഇനിയും ആത്മപരിശോധനയ്ക്ക് വിഷയമാക്കേണ്ട കാര്യങ്ങൾ നമ്മുടെ മുൻപിലുണ്ട്. സഭയുടെ എല്ലാ പ്രവർത്തനങ്ങളിലും ഇടപെടലുകളിലും സുവിശേഷത്തിന്റെ കലർപ്പില്ലാത്ത സന്ദേശം പകർന്നുകൊടുക്കുവാൻ നമുക്കു കഴിയണം. ആദിമസഭയിലുണ്ടായിരുന്ന പങ്കുവയ്ക്കൽ മനോഭാവം വിവിധ സഭാ സംവിധാനങ്ങളിലും സ്ഥാപനങ്ങളുടെ നടത്തിപ്പിലും വിഭവങ്ങൾ കൈകാര്യം ചെയ്യുന്നതിലും നയരൂപീകരണത്തിലും കൂടുതൽ പ്രകടമാകേണ്ടതുണ്ട്. ചരിത്രത്തിലൂടെ ദീർഘയാത്ര തുടരുന്ന ഇന്നത്തെ സഭ, ആദിമസഭയുടെ ജാഗ്രതയും തീക്ഷ്ണതയും കൈമോശം വരാതെ കാത്തുസൂക്ഷിക്കണം. മണവാളൻ എപ്പോൾ വരുമെന്ന് നിശ്ചയമില്ലാത്തതിനാൽ, വിളക്കണയാതിരിക്കാൻ എണ്ണകരുതി സ്വീകരിക്കാൻ കാത്തിരിക്കുന്ന കന്യകമാരുടെ ജാഗ്രത സഭയുടെ എല്ലാ മേഖലകളിലും ഉറപ്പുവരുത്തുവാൻ കൂട്ടായ്മയോടെ പ്രവർത്തിക്കേണ്ടതുണ്ട്. ദൈവം ഈ ലോകം മുഴുവനെയും സ്നേഹിക്കുന്നുവെന്നും ദൈവപുത്രനായ ഈശോമിശിഹായാണ് നമ്മുടെ രക്ഷകനെന്നും ഈ രക്ഷകൻ ഇന്നും ജീവിക്കുന്നുവെന്നും ഫലപ്രദമായി പ്രഘോഷിക്കുവാൻ നമുക്ക് സാധിക്കണം.

ഈ പ്രഘോഷണത്തിലും സാക്ഷ്യത്തിലും നമുക്കുവന്നുപോയ പോരായ്മകളെ എളിമയോടെ അംഗീകരിക്കാം. തെറ്റിദ്ധാരണകളെയും വിമർശനങ്ങളെയും എതിർപ്പുകളെയും ഈശോയുടെ ശൈലിയിൽ സ്വീകരിക്കാൻ സാധിക്കണം. നാമെല്ലാവരും വിശുദ്ധിയിലേയ്ക്ക് വളരാൻ വിളിക്കപ്പെട്ടവരാണെന്ന സത്യം 'ആനന്ദിച്ച് ആഹ്ളാദിക്കുവിൻ' എന്ന തന്റെ ചാക്രിക ലേഖനത്തിൽ ഫ്രാൻസിസ് മാർപാപ്പ ഓർമ്മിപ്പിക്കുന്നുണ്ട്. വിശുദ്ധിയെന്നത് നമ്മുടെ ദുർബലതയും ദൈവിക കൃപയുടെ ശക്തിയും തമ്മിലുള്ള കണ്ടുമുട്ടലാണ്. നമ്മുടെ പരിമിതികളിൽ നിന്നും കുടുതൽ ഉയരത്തിലേയ്ക്കു നോക്കാൻ വേണ്ടി, ദൈവത്താൽ സ്നേഹിക്കപ്പെടാനും, വിമോചിതരാകാനും വിട്ടുകൊടുക്കുന്നതിൽ നമുക്ക് ഭയപ്പെടാതിരിക്കാം (ആനന്ദിച്ച് ആഹ്ലാദിക്കുവിൻ, നമ്പർ 34). എല്ലാ ക്ലേശങ്ങൾക്കുമിടയിൽ ആനന്ദം നല്കുന്ന രക്ഷയുടെ പ്രത്യാശ നമുക്ക് മുറുകെപിടിക്കാം.

നമ്മുടെ സഭാദിനാചരണവേളയിൽ നിങ്ങൾക്കെഴുതുമ്പോൾ സുപ്രധാനമായ ചില വാർത്തകൾ കൂടി പങ്കുവയ്ക്കുവാൻ ആഗ്രഹിക്കുന്നു. തിരുകുടുംബ സന്യാസിനി സമൂഹത്തിന്റെ സ്ഥാപകയും നമ്മുടെ സഭാംഗവുമായ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ അടുത്ത ഒക്ടോബർ മാസത്തിൽ വിശുദ്ധ പദവിയിലേയ്ക്കുയർത്തപ്പെടുമെന്ന് നമുക്ക് അറിവു ലഭിച്ചിട്ടുണ്ട്. അതുപോലെ കാനഡയിലെ മിസിസാഗ എക്സാർക്കേറ്റ്, രൂപതയായി പരിശുദ്ധ പിതാവ് ഉയർത്തിയ വിവരം നിങ്ങൾ അറിഞ്ഞുകാണുമല്ലോ. രൂപതയുടെ ഉദ്ഘാടന ചടങ്ങിലും പ്രഥമ മെത്രാന്റെ സ്ഥാനാരോഹണ കർമ്മത്തിലും ഞാൻ പങ്കെടുത്തിരുന്നു. മൂന്നാമത്തേത്, വരുന്ന ഒക്ടോബർ മാസത്തിൽ, നമ്മുടെ സഭയിലെ പിതാക്കന്മാരെല്ലാം ആദ് ലിമിന(Ad limina) സന്ദർശനത്തിനായി റോമിലേയ്ക്ക് പോകുന്നു എന്നതാണ്.

നിങ്ങളുടെ പ്രാർത്ഥനയിൽ നമ്മുടെ സഭയുടെ എല്ലാ നിയോഗങ്ങളെയും എളിയവനായ എന്നെയും ഓർക്കുന്നതിന് നന്ദി പറയുന്നു. ആഗസ്റ്റ് മാസം നടക്കാനിരിക്കുന്ന നമ്മുടെ സഭയുടെ സിനഡിനു വേണ്ടിയും നിങ്ങൾ പ്രത്യേകം പ്രാർത്ഥിക്കണം. നമ്മുടെ പിതാവായ തോമാശ്ലീഹായെപ്പോലെ ഉത്ഥിതനായ ഈശോയെ നാഥനും

രക്ഷകനുമായി ഏറ്റുപറഞ്ഞ്, ഈശോ ഇന്നും ജീവിക്കുന്നു എന്ന ഉറച്ച ബോദ്ധ്യത്തിൽ നമ്മുടെ എല്ലാ ജീവിത സാഹചര്യങ്ങളിലും പ്രേഷിത ചൈതന്യത്തിൽ മുന്നേറാൻ നിരന്തരം പരിശ്രമിക്കാം. ദുക്റാന തിരുനാളിന്റെയും സഭാദിനത്തിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**+കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

## രൂപതാകച്ചേരി വാർത്തകൾ

**Appointments and Transfers:**

| | |
|---|---|
| Very Rev. Fr. Allumpurathu Francis, O.praem | : Protosyncellus |
| Very Rev. Fr. Mumdaplackal Kuriakose | : Syncellus |
| Rev. Fr. Vellaramkalayil Thomas | : Vice-Chancellor, Asst. Director, Bible and Catechesis |
| Rev. Fr. Palakudy Tomy` | : Studies |
| Rev. Fr. Pulickal Kuriakose, mcbs | : Parish Priest, Nagavally |
| Rev. Fr. Kannappilly Augustine, mcbs | : Returned to the Congregation |
| Rev. Fr. Cherucheruppil James | : Parish Priest, Muthinakoppa and Mallandur |
| Rev. Fr. Panachickal George (Manu) | : Asst. Parish Priest, NRPura |

### നന്ദി, സ്വാഗതം

രൂപതയിൽ കഴിഞ്ഞ മൂന്നുവർഷം വികാരി ജനറാൾ എന്ന നിലയിലും, കത്തീഡ്രൽ വികാരി എന്ന നിലയിലും സേവനം ചെയ്ത് സ്ഥലം മാറിയിരിക്കുന്ന ബഹു. അഗസ്റ്റ്യൻ ഉറുമ്പുകാട്ടിലച്ചനും, നാഗവള്ളി വികാരിയായി സ്തുത്യർഹമായ സേവനത്തിനു ശേഷം സ്ഥലം മാറിയിരിക്കുന്ന ബഹു. അഗസ്റ്റ്യൻ കന്നപ്പിള്ളിയച്ചനും രൂപതയുടെ മുഴുവൻ നന്ദിയും പുതിയ പ്രേഷിതമേലയിൽ എല്ലാ വിജയങ്ങളും നേരുന്നു.

രൂപതയിലേക്ക് പുതുതായി സേവനത്തിനായി കടന്നുവന്നിരിക്കുന്ന പെരി. ബഹു. കുര്യാക്കോസ് മുണ്ടപ്ലാക്കലച്ചനെയും, കുര്യാക്കോസ് പുളിക്കലച്ചനെയും, മറ്റെല്ലാ ബഹു. സിസ്റ്റേഴ്സിനെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

### പാസ്റ്ററൽ കൗൺസിൽ

2019 മാർച്ച് 19–ന് ചേർന്ന പാസ്റ്ററൽ കൗൺസിൽ യോഗം സി. റോസ് എഫ്.സി.സി.–യുടെ പ്രാർത്ഥനയോടെ ആരംഭിച്ചു. റവ. ഫാ. ഫ്രാൻസീസ് അള്ളുംപുറം എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. ശ്രീ ജോമി മാത്യു കഴിഞ്ഞ യോഗത്തിന്റെ മിനിറ്റ്സ് അവതരിപ്പിച്ചു. തുടർന്ന് കർണാടക സീറോ മലബാർ കാത്തലിക് അസോസിയേഷനെ

സംബന്ധിക്കുന്നകാര്യങ്ങൾശ്രീജോമിമാത്യുവിശദീകരിച്ചു.പൊതുയോഗ നടത്തിപ്പിനെ സംബന്ധിച്ച കാര്യങ്ങൾ റവ. ഫാ. ഫ്രാൻസിസ് അള്ളുംപുറം അവതരിപ്പിച്ചു.സെൻട്രൽപാസ്റ്ററൽകമ്മിറ്റിയിലേക്ക്ഫാ.സെബാസ്റ്റ്യൻ പുല്ലുക്കാട്ടിനെ തിരഞ്ഞെടുത്തു. കർണാടക സീറോ മലബാർ കാത്തലിക് അസോസിയേഷൻ രൂപതാ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ ഡേവീസ് നീലംകാവിലിനും, മാതൃവേദി രൂപതാ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ശ്രീമതി റീനക്കും ആശംസകൾ നേർന്നു. അദ്ധ്യക്ഷപ്രസംഗത്തിൽ അഭിവന്ദ്യ പിതാവ് അൽമായ ശാക്തീകരണത്തി നായുള്ള രൂപതയുടെ പരിശ്രമങ്ങളെപ്പറ്റി പരാമർശിച്ചു. കെ.എസ്. എം.സി.എ– യുടെ രൂപീകരണം അതിനു സഹായകമാകുമെന്ന് പിതാവ് പ്രത്യാശ പ്രകടിപ്പിച്ചു. നാമഹേതുക തിരുന്നാൾ ആഘോഷിക്കുന്ന അഭി വന്ദ്യ പിതാവിന് ആശംസകൾ നേർന്നു. ശ്രീ സജി പുളിക്കകുന്നേൽ എല്ലാവർക്കും നന്ദി പറഞ്ഞു.

**ആലോചനാസംഘം**

2019 മാർച്ച് 19–ന് ഉച്ചകഴിഞ്ഞ് 2.30 രൂപതാ ആലോചനാസംഘം അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. ഷംഷാബാദ് രൂപതയുമായി ചിത്രദുർഗ, ദാവനഗരെ, ഹാവേരി, ഉത്തരകന്നട ജില്ലകളെ സംബന്ധിച്ചു ചെയ്യുവാൻ പോകുന്ന കരാറിനെപ്പറ്റിയും, രൂപതയുടെ ഭാഗമായ കടൂർ താലൂക്ക് അജപാലന വികസന പ്രവർത്തനങ്ങൾക്കായി ക്ലരീഷൻ സഭയുടെ കേരള പ്രോവിൻസിനെ ഏൽപ്പിക്കുന്നതിനെപ്പറ്റിയും, രൂപതയ്ക്ക് ഭദ്രാവതി ബൈപാസിലുള്ള സ്ഥലത്തെ സംബന്ധിക്കുന്ന കാര്യങ്ങളും ചർച്ച ചെയ്ത് തീരുമാനിച്ചു.

**വൈദികസമ്മേളനം**

2019 ഏപ്രിൽ 16–ന് ഉച്ചക്ക് 12 മണിക്ക് ചേർന്ന വൈദികസമ്മേളനം ബഹു. പോൾ തട്ടുപറമ്പിലച്ചന്റെ പ്രാർത്ഥനയോടെ ആരംഭിച്ചു. വികാരി ജനറാൾ വെരി. റവ. ഫാ. അഗസ്റ്റ്യൻ ഉറുമ്പുകാട്ടിൽ എല്ലാവരെയും സ്വാഗതം ചെയ്തു. റവ. ഫാ. ഫ്രാൻസീസ് അള്ളുംപുറം കഴിഞ്ഞ യോഗത്തിന്റെ മിനിറ്റ്സ് അവതരിപ്പിച്ചു. അഭിവന്ദ്യ പിതാവ് തന്റെ സന്ദേശത്തിൽ ഈശോയുടെ സാന്നിദ്ധ്യമാകുവാനും, സാക്ഷി

കളാകാനുമുള്ള പൗരോഹിത്യ വിളിയെയോർത്ത് സന്തോഷിക്കുവാൻ എല്ലാവരെയും ആഹ്വാനം ചെയ്തു. ഭവന സന്ദർശനങ്ങൾ തങ്ങളെ ഏൽപിച്ചിരിക്കുന്ന ജനത്തെ അറിയാനും മനസ്സിലാക്കുവാനുമുള്ള അവസരമായി കരുതി കൂടെ കൂടെ നടത്തണം എന്ന് ഓർമിപ്പിച്ചു.

തുടർന്ന് ബഹു. അച്ചന്മാർക്ക് തങ്ങളുടെ ചിന്തകൾ പങ്കുവയ്ക്കുവാൻ അവസരം നൽകി. താഴെപറയുന്ന കാര്യങ്ങൾ ചർച്ച ചെയ്യപ്പെട്ടു.

1. സൈത്ത് വെഞ്ചരിപ്പ് എപ്പോഴും രൂപതാ കാര്യാലയത്തിൽ നടത്താതെ ഇടവകകളിലും നടത്തുന്നത് നല്ലതായിരിക്കുമെന്ന് അഭിപ്രായപ്പെട്ടു.
2. ഇടവക ധ്യാനങ്ങൾക്കായി അൽമായർ മാത്രമുള്ള ടീമിനെ വിളിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് പിതാവ് സൂചിപ്പിച്ചു.
3. നമ്മുടെ രൂപതയോട് ചേർന്ന് കിടക്കുന്ന ഷംഷാബാദ് രൂപതയുടെ കർണാടകയിലെ നാലു ജില്ലകളെ സംബന്ധിച്ച് നടത്താൻ പോകുന്ന കരാറിനെപ്പറ്റിയും, കടൂർ താലൂക്ക് അജപാലന വികസന പ്രവർത്തനങ്ങൾക്കായി ക്ലരീഷൻ സഭയുടെ കേരള പ്രോവിൻസിനെ ഏൽപ്പിക്കുന്നതിനെപ്പറ്റിയും അറിയിച്ചു.
4. അഞ്ചു പേരടങ്ങുന്ന ഒരു സെൻട്രൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത പിതാവ് വിശദീകരിച്ചു. അവരുടെ ഒരു യോഗം തലശേരി അതിരൂപതാ കേന്ദ്രത്തിൽ 2019 മെയ് 29–ന് നടക്കുന്നതാണ്.
5. ജനുവരി 15 –നും 20–നും ഇടയിൽ രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന വൈദികർക്കായി ഒരു ഒത്തുചേരലിനെപ്പറ്റി ആലോചിച്ചു. അതിനുള്ള ക്രമീകരണങ്ങൾക്കായി ഫൊറോന വികാരിമാരോടൊപ്പം ബഹു. ക്ലീറ്റസച്ചൻ, ബഹു. അരീപറമ്പിലച്ചൻ എന്നിവരെ പിതാവ് ചുമതലപ്പെടുത്തി.
6. രൂപതയിലെ ശുശ്രൂഷകൾക്കു ശേഷം സ്ഥലം മാറുന്ന പെരി. ബഹു. അഗസ്റ്റ്യൻ ഉറുമ്പുകാട്ടിലച്ചനും, ബഹു. അഗസ്റ്റ്യൻ കന്നപ്പിള്ളിലച്ചനും അവരുടെ സ്തുത്യർഹമായ സേവനങ്ങൾക്ക് നന്ദിയർപ്പിച്ചു. പുതിയ പ്രവർത്തനമേഖകയിൽ അവർക്ക് എല്ലാ വിജയവും നേർന്നു.

## പ്രത്യേക പിരിവുകൾ

1. പത്രോസിന്റെ കാശ്: 2019 ജൂൺ 30
2. സഭാദിനം പിരിവ്: 2019 ജൂലൈ 07 – മേജർ ആർക്കിഎപ്പിസ്കോപ്പൽ കാര്യാലയത്തിന്റെ നടത്തിപ്പിലേക്കായുള്ള പ്രത്യേക പിരിവ്.
3. സെമിനാരി ഫണ്ട്: സെമിനാരി ഫണ്ടിലേക്കുള്ള പ്രത്യേകപിരിവ് 2019 ആഗസ്റ്റ് 04–ന് നമ്മുടെ എല്ലാ ഇടവകകളും എടുക്കേണ്ടതാണ്. വ്യക്തിപരമായി ഈ നിയോഗത്തിലേക്ക് സംഭാവന ചെയ്യാൻ കഴിവും, സന്മനസ്സും ഉള്ളവരെ അതിനായി പ്രോത്സാഹിപ്പിക്കുവാനും ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

## PHONE NUMBERS

Very Rev. Fr. Kuriakose Mumdaplackal : 9447321738
Re. Fr. Kuriakose (Jomon) Pulickal, mcbs : 8547174652

**ഫാ. ഫ്രാൻസീസ് അള്ളുംപുറം**
വികാരി ജനറാൾ

## മതബോധന – ബൈബിൾ കമ്മീഷൻ

രൂപതാ മതബോധനകേന്ദ്രത്തിൽ നിന്നും ആശംസകൾ. മദ്ധ്യവേനൽ അവധി കഴിഞ്ഞ് പുതിയ അദ്ധ്യയനവർഷത്തിലേക്ക് നാം പ്രവേശിച്ചു കഴിഞ്ഞു. കൂടുതൽ ശ്രദ്ധയോടെയും താൽപര്യത്തോടെയും ഈ വർഷത്തെ വിശ്വാസപരിശീലന പരിപാടികൾ നടപ്പിലാക്കുവാൻ ഏവർക്കും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

### Core Team

| | | |
|---|---|---|
| Fr. Francis Allumpurath, o.praem | : Director | 9448681429 |
| Fr. Sebastian Pullukatt | : Asst. Director | 7022915241 |
| Fr. Thomas Vellaramkalayil | : Asst. Director | 8105984823 |
| Sr. Shuba cmc | : Animator | 9448608158 |
| Mrs. Nisha Jaimy | : Secretary | 9980193714 |

| | | |
|---|---|---|
| Sr. Liza Mattom SH | : Member | 9480280477 |
| Mr. Davis Neelamkavil | : Member | 9448839904 |
| Mr. Jose Kizhakebhagam | : Member | 9945328593 |
| Mr. Anto Koikara | : Member | 9740896983 |
| Mr. Jomon Chakkungal | : Member | 7259613221 |
| Mr. Binu Thekkekaithakal | : Member | 8880722660 |
| Mrs. Suma Siju | : Member | 9449941292 |
| Sr. Maria SABS | : Member | 7760007543 |
| Sr. Anjoe SH | : Member | 7022507364 |
| Sr. Lilly Mathew SH | : Member | 9656002050 |
| Sr. Tresa John cmc | : Member | 7338206233 |

**സ്കോളർഷിപ്പ് 2018 – 2019**

| Class | Toppers | Marks | Parish |
|---|---|---|---|
| 07 | Shreya Xavier Kannukadan | 93 | NRPura |
| | Rosily Puthussery | 92 | Ripponpett |
| | Lisna Arackal | 91 | Makkod |
| 10 | Suma Poulose | 87 | NRPura |
| | Riya Chamakala | 77 | Sagar |
| | Alvin Thomas | 68 | Shimoga |
| 12 | Preethi Jomon | 97 | Shimoga |
| | Elizabeth Edayal | 78 | Ripponpett |
| | Merina Shaju | 76 | NRPura |

**മികച്ച മതബോധനസ്കൂൾ**

രൂപതാ മതബോധന പ്രവർത്തന പദ്ധതിക്കനുസരിച്ച് മികച്ച രീതിയിൽ പ്രവർത്തിക്കുന്ന മതബോധനസ്കൂളിനെ കോർടീമിന്റെ സന്ദർശനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുത്തു. കൊപ്പ സെ. നോർബർട്ട് മതബോധനസ്ക്കൂൾ മികച്ചതായി തിരഞ്ഞെടുക്കപ്പെട്ടു. ബഹു. വികാരിയച്ചനും, മതബോധന അദ്ധ്യാപകർക്കും അനുമോദനങ്ങൾ!

**കോർടീം–പ്രധാനാദ്ധ്യാപക യോഗം**

2019 മെയ് 18 –ന് രാവിലെ 10 മണിക്ക് കോർടീം യോഗം ചേർന്ന് 2019–2020 വർഷത്തെ പ്രവർത്തന പദ്ധതി ഒരിക്കൽ കൂടി ചർച്ച ചെയ്ത്ആവശ്യമായ തിരുത്തലുകൾ വരുത്തി. ഉച്ചകഴിഞ്ഞ് 1.30–ന്കോർ ടീമിന്റെയും പ്രധാനാദ്ധ്യാപകരുടെയും യോഗത്തിൽ പ്രവർത്തന പദ്ധതി എല്ലാവർക്കുമായി വിശദീകരിച്ചു. നല്ല മതബോധന സ്കൂൾ ഏതെന്നും, മുൻ പ്രധാനാദ്ധ്യാപക യോഗത്തിൽ തിരുമാനിച്ചതനുസരിച്ച് കോർടീം സന്ദർശനത്തിൽ ലഭിച്ച മാർക്കുകളുടെ അടിസ്ഥാനത്തിൽ ഓരോ മതബോധന സ്കൂളിനും ലഭിച്ച ഗ്രേഡും അറിയിച്ചു. തുടർന്ന് മുൻവർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി. ഓരോ മതബോധന സ്കൂളും ചെയ്ത കാര്യങ്ങൾ വിവരിച്ചു. മതബോധനത്തിന്റെ പ്രാധാന്യം മാതാപിതാക്കളെയും കുട്ടികളെയും പറഞ്ഞു ബോധ്യപ്പെടുത്താൻ ആവശ്യമെങ്കിൽ പി.റ്റി.എ. മീറ്റിംഗിലോ, അല്ലാതെയോ കോർ ടീമിൽ നിന്നും ആരെങ്കിലും, ഇടവകകളിൽ നിന്നും ആവശ്യപ്പെട്ടാൽ വരാമെന്ന് അറിയിച്ചു. രൂപതയുടെ വികാരി ജനറാളായി നിയമിതനായ പെരി. ബഹു. ഫ്രാൻസീസ് അള്ളുംപുറത്തച്ചന് എല്ലാവരുടെയും പേരിൽ അസി. ഡിറക്ടർ ബഹു. സെബാസ്റ്റ്യൻ പുല്ലുക്കാട്ടച്ചൻ ആശംസകൾ നേരുകയും,പുഷ്പം നൽകി അനുമോദിക്കുകയും ചെയ്തു.

**മതാദ്ധ്യാപക സെമിനാർ**

മതാദ്ധ്യാപകർക്കായി നടത്തിയ ആമുസെമിനാർ 2019 മെയ് 17–ന് ഉച്ചകഴിഞ്ഞ് നാലുമണിക്ക് ആരംഭിച്ച് 18–ന് ഉച്ചകഴിഞ്ഞ് നാലുമണിക്ക് അവസാനിച്ചു. തലശ്ശേരി അതിരൂപതാ മതബോധന ഡയറക്ടർ റവ. ഫാ. ജേക്കബ് വെണ്ണായിപ്പിള്ളി, ടീമംഗം ശ്രീ ജോബി എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. രൂപതാ വികാരിജനറാളും മതബോധന കമ്മീഷൻ ഡയറക്ടറുമായ പെരി. ബഹു. ഫ്രാൻസീസ് അള്ളുംപുറത്തച്ചൻ എല്ലാവരെയും സ്വാഗതം ചെയ്തു. സഹ വികാരിജനറാൾ പെരി. ബഹു. കുര്യാക്കോസ് മുണ്ടപ്ലാക്കലച്ചൻ ടീമംഗങ്ങളെ പരിചയപ്പെടുത്തി. അഭിവന്ദ്യ പിതാവ് ഉദ്ഘാടന സന്ദേശം നൽകി, വിശ്വാസ പരിശീലനത്തിന്റെ പ്രാധാന്യത്തെപ്പറ്റി ഓർമ്മിപ്പിച്ചു. സഭയുടെ ഈ ശുശ്രൂഷയിൽ മതാദ്ധ്യാപകർ ചെയ്യുന്ന വലിയ സേവനത്തെ പിതാവ് അനുസ്മരിച്ചു.

കൂടുതൽ കാര്യക്ഷമമായി തങ്ങളുടെശുശ്രൂഷ നിർവ്വഹിക്കാൻ ഈ സെമിനാർ സഹായകമാകട്ടെ എന്ന് പിതാവ് ആശംസിച്ചു. കോർ ടീമംഗങ്ങളെ രൂപതക്കായി അവർ ചെയ്യുന്ന സേവനങ്ങളെപ്രതി പിതാവ് നന്ദിയോടെ അനുസ്മരിച്ചു.

തുടർന്ന് ഫാ. ജേക്കബ് തന്റെ ക്ലാസ്സിൽ വിശ്വാസജീവിത പരിശീലനത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദീകരിച്ചു. ഈ വിശ്വാസപരിശീലന പ്രക്രിയയിൽ മൂന്നു കാര്യങ്ങൾ നിർവ്വഹിക്കപ്പെടണം എന്നോർമിപ്പിച്ചു. 1) ഈശോയെ അറിയുക, 2) ഞാൻ അറിഞ്ഞ ഈശോയെ ജീവിക്കുക, 3) ഞാൻ ജിവിച്ച ഈശോയെ പങ്കുവയ്ക്കുക.

ക്ലാസ്സുകൾ ആകർഷകമായി എടുക്കുന്നതിനുള്ള രീതികൾ അവതരണത്തിലൂടെ നൽകി. തുടർന്ന് ഗ്രൂപ്പുകളായി തിരിച്ച് ക്ലാസ്സുകൾ എടുക്കാൻ പരിശീലിപ്പിച്ചു. ക്ലാസുകളിലും ചർച്ചകളിലും സജീവമായി പങ്കെടുത്തവർക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകി. ജേക്കബ് അച്ചന്റെയും, ജോബി സാറിന്റെയും ക്ലാസുകൾ വളരെ ഉപകാരപ്രദവും, ജീവിതാനുഭവങ്ങളാൽ സമ്പന്നവുമായിരുന്നുവെന്ന് നന്ദി പറയവേ ശ്രീമതി ജിൻസി അഭിപ്രായപ്പെടുകയുണ്ടായി.

**ലോഗോസ് ക്വിസ് 2019:**

ബഹു. തോമസ് വെള്ളാരംകാലയിൽ (9986580535/8105984823) അച്ചനും, സി. ശുഭ സി.എം.സി (9448608158)– യുമാണ് രൂപതാതലത്തിൽ ലോഗോസ് ക്വിസിന്റെ ഉത്തരവാദിത്വം നിർവഹിക്കുക.

1. പഠനഭാഗം: നിയമാവർത്തനം 12–21; പ്രഭാഷകൻ 11–17; മത്തായി 19–28; വെളിപാട് 17–22.
2. രൂപതാതല രജിസ്ട്രേഷൻ 2019 ജൂൺ 01–ന് ആരംഭിച്ച് 30 അവസാനിക്കുന്നു.
3. രജിസ്ടേഷൻഫീസ്, രു. 20/–
4. രൂപതാതല പരീക്ഷ 2019 സെപ്റ്റംബർ 29–ന് ഉച്ചകഴിഞ്ഞ് 02 മുതൽ 3.30 വരെ അതത് ഇടവകകളിൽ.
5. സംസ്ഥാനതല പരീക്ഷ 2019 നവംബർ 10, 21–24.
6. ലോഗോസ് പരീക്ഷക്ക് മേൽനോട്ടത്തിനായി വരുന്നവർക്ക് ഇടവകയിൽ നിന്ന് യാത്രാചിലവ് കൊടുക്കേണ്ടതാണ്.

7. പങ്കെടുക്കുവാൻ താൽപര്യമുള്ളവരുടെ മാത്രം പേരുകൾ സ്വീകരിക്കുക.
8. പേരു വിവരം ഇ മെയിൽ, വാട്ട്സാപ് വഴി അയച്ചാലും രേഖമൂലം നൽകിയിരിക്കണം.
9. പേരു തന്നവർക്കു പകരമായി മറ്റൊരാളെ പങ്കെടുപ്പിക്കുന്നതല്ല.
10. താഴെ പറയുന്ന വിധം പേരുകൾ തരുക:

| ന. | പേര് | വീട്ടുപേര് | ഇടവക | ജനന തിയതി | പരീക്ഷ എഴുതുന്ന ഭാഷ | പ്രായ വിഭാഗം | ഫോ. ന. |
|---|---|---|---|---|---|---|---|
| 1. | | | | | | | |
| 2. | | | | | | | |

**കോർടിം സന്ദർശനം**

ഈ അദ്ധ്യയനവർഷത്തെ കോർടീമിന്റെ സന്ദർശനം 2019 ആഗസ്റ്റ് 18–ന് ആരംഭിക്കുന്നു. നിശ്ചയിച്ചിരിക്കുന്ന തീയതികളിൽ മാറ്റം വരുത്താതിരിക്കാൻ ബന്ധപ്പെട്ടവർ എല്ലാവരും ശ്രദ്ധിക്കണം. സന്ദർശകർക്ക് ഇടവകയിൽ നിന്ന് യാത്രാചിലവ് നൽകുന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു. സന്ദർശന തീയതി താഴെ കൊടുക്കുന്നു.

| Date | Parish |
|---|---|
| 2019 August 18 | Shettikoppa, Chettikudige, Anavatty, Sagar, Shimoga |
| 2019 September 01 | Makkod, Muthinakoppa, Anandapuram, Hossur/ Induvally, Umblebylu |
| 2019 September 15 | Balehonnur, Gorigandi, Iduvally, Nagavally, Bhadravathi |
| 2019 September 22 | N.R.Pura, Ripponpett, Holehonnur |
| 2019 November 03 | Koppa, Varkatte, Masthikatte, Davengere |

## Sunday School Quiz:

2019 ആഗസ്റ്റ് 11–ന് ഫൊറോന തലത്തിലും, ആഗസ്റ്റ് 25–ന് രൂപതാ തലത്തിലും മത്സരം.

പഠനഭാഗം: കെ.ആർ.സി.ബി.സി–യുടെ ബൈബിൾ. മത്തായി 19–28; വെളിപാട് 17–22; പത്താംക്ലാസിലെ മതബോധന പുസ്തകം (30 മാർക്ക് വീതം), പൊതുവിജ്ഞാനം (10 മാർക്ക്).

പങ്കാളിത്വം: 5–12 ക്ലാസുകളിൽ നിന്ന്, 5–7 അംഗങ്ങൾ.

ഭാഷ: കന്നട

## Carol Singing 2019:

ബഹു. സെബാസ്റ്റ്യൻ പുല്ലുകാട്ടച്ചൻ (7022915241), സി. മരിയ എസ്.എ.ബി.എസ്., (7760007543), ശ്രീ ബിനു (8880722660) എന്നിവരാണ് ഉത്തരവാദിത്വം നിർവഹിക്കുക.

2019 നവംബർ 15–ന് ഫൊറോനതലത്തിലും, ഡിസംബർ 14–ന് രൂപതാതലത്തിലും മത്സരം. ഫൊറോനകളിൽ ഒന്നും, രണ്ടും സ്ഥാനം നേടിയ 6 ടീമുകളായിരിക്കും രൂപതാതല മത്സരത്തിൽ പങ്കെടുക്കുക.

’ ടീം: 5 മുതൽ 7 വരെ അംഗങ്ങൾ

’ ഗാനം: 7 മിനിറ്റ്, ഒരു ഭാഷ, ഒരു ഗാനം

## Parish Bible Quiz

2019നവംബർ24–ന്ഫൊറോനതലത്തിലും,2020ജനുവരി15–ന്രൂപതാതലത്തിലും മത്സരം.

പഠനഭാഗം: മർക്കോസ്01–16(35മാർക്ക്);അപ്പസ്തോലപ്രവർത്തനങ്ങൾ 14–28 (35 മാർക്ക്); രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ അൽമായ പ്രേഷിതത്വത്തെക്കുറിച്ചുള്ള ഡിക്രി (30 മാർക്ക്).

പങ്കാളിത്വം: ഒരിടവകയിൽ നിന്ന് ആത്മസ്ഥിതി രജിസ്ട്രറിൽ പേരുള്ള 5–7 അംഗങ്ങളുടെ ഒരു ടീം.

ഭാഷ: മലയാളം

ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ: ആവശ്യമുള്ളവർക്ക് രൂപതാ മതബോധന കേന്ദ്രത്തിൽ നിന്നും വാങ്ങാവുന്നതാണ്.

### നന്ദി ഭാവുകങ്ങൾ

കഴിഞ്ഞ വർഷങ്ങളിൽ മതബോധന അസി. ഡയറക്ടറായി സേവനം ചെയ്ത ഫാ. സെബാസ്റ്റ്യൻ മുണ്ടക്കാമറ്റമച്ചൻ, കോർടീം അംഗങ്ങളായിരുന്ന സി. ജോളി ഗ്രെയിസ് സി.എം.സി., സി. സ്നേഹ എഫ്.സി.സി. എന്നിവർ പുതിയ പ്രേഷിതരംഗങ്ങളിലേക്ക് സ്ഥലം മാറിയിരിക്കുന്നു. മൂവർക്കും കമ്മീഷൻ അംഗങ്ങളുടെയും രൂപത മുഴുവന്റെയും നന്ദിയും, പുതിയ പ്രവർത്തനമേലയിൽ നന്മയും എല്ലാ വിജയങ്ങളും.

| Commission for Bible and Catechism; Year Plan for 2019-2020 | | |
|---|---|---|
| **MAY - 2019** | | |
| **Day** | **Date / Time** | **Particulars** |
| Saturday | 18 May 2019, 10.00am | Core Team Meeting |
| Saturday | 18 May 2019, 01.30pm | HMs Meeting |
| Fri.-Sat. | 17, 04pm - 18, 04pm, May 2018 | Teachers Training, Reg. fee Rs. 100/- (to be paid by the respective parish es), Stay overnight at Bodhana. |
| **JUNE - 2019** | | |
| 1st Sunday | 02 June 2019 | Catechism Begins – *Praveshanolsavam*; Reg. fee Rs. 150/- to be collected, Rs. 100/- to the Commission. |
| Wednesday | 05 June, 2.30 pm | Core Team Meeting |
| 2nd Sunday | 09 June 2019 | Logos registration starts, Reg. fee. Rs. 20/- |
| 4th Sunday | 23 June 2019 | 1st PTA Meeting |
| **JULY - 2019** | | |
| 6th Sunday | 07th July 2019 | Last date of Logos registration |
| 8th Sunday | 21st July 2019 | First Test: (3chapters and *Nanna Prarthana*), 50 Marks |
| **AUGUST - 2019** | | |
| 11th Sunday | 11 August 2019, 3-4pm | Sunday School Quiz – Forane Level |
| 13th Sunday | 25 August 2018, 2-4pm | Sunday School Quiz – Diocesan Level |
| **SEPTEMBER - 2019** | | |
| 18th Sunday | 29 September, 02pm | Logos Examination – Diocesan Level |

| | | |
|---|---|---|
| **OCTOBER - 2019** | | |
| 19th Sunday | 06 October 2019 | Half Yearly Exam |
| Tuesday | 08 October | Core Team Meeting |
| **NOVEMBER -2019** | | |
| 23rdSunday | 03 November 2019 | Catechism Teachers Day (04 November, Feast of St. Charles Boromiyo) |
| Friday | 15 November 2019 | Carol Singing Competition – Forane Level |
| 26th Sunday | 24 November 2019 | Parish Bible Quiz – Forane Level |
| **DECEMBER - 2019** | | |
| 28th Sunday | 08 December 2019 | Second Test |
| Saturday | 14 December, 02.00pm | Carol Singing Competition – Diocesan Level |
| **JANUARY - 2020** | | |
| 33rd Sunday | 12 January, 20 | 2nd PTA Meeting |
| Wednesday | 15 January, 20, 10.30am | Core Team Meeting |
| | 15 January, 20, 11.30am | HMs Meeting |
| | 15 January, 20, 02.00pm | Parish Bible Quiz – Diocesan Level |
| **FEBRUARY - 2020** | | |
| 39th Sunday | 23 February | Final Examination |
| **MARCH - 2020** | | |
| 40th Sunday | 01 March | Final Result |
| **APRIL - 2020** | | |
| 46th Sunday | 12 April, 20, 2.00pm | Scholarship Examination |
| 50th Week | 24-26 April, 2019 | *Vishwasolsavam* at Parishes |

**ശ്രീമതി നിഷ ജെയ്മി**

കോർടീം സെക്രട്ടറി

# വൊക്കേഷൻ ബ്യൂറോ

രൂപതാ വൊക്കേഷൻ ബ്യൂറോയിൽ നിന്നും സ്നേഹാശംസകൾ! നമ്മുടെ രൂപതയിലെ വൈദികവിദ്യാർത്ഥികൾക്കായി രൂപതാ, ഇടവകതലത്തിൽ സംഘടിപ്പിച്ച വേനൽ അവധിക്കാല പരിപാടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## വിശ്വാസോൽസവവും, വിശുദ്ധ വാരാചാരണവും

നമ്മുടെ രൂപതയ്ക്കുവേണ്ടി വിവിധ സെമിനാരികളിൽ പഠിക്കുന്ന 26 വിദ്യാർത്ഥികൾ ഏപ്രിൽ 17 മുതൽ മെയ് 9 വരെ നടത്തപ്പെട്ട സമ്മർ ക്യാമ്പിൽ പങ്കെടുത്തു. ദൈവശാസ്ത്ര വിദ്യാർത്ഥികൾ ഏപ്രിൽ 13 മുതൽ 21 വരെ വിവിധ ഇടവകകളിൽ (മസ്തിക്കട്ടെ, മുത്തിനക്കൊപ്പ, അനന്തപുര, ഇടുവള്ളി, ഇണ്ടുവള്ളി, സാഗർ, ഉംബ്ലെബൈലു) വിശുദ്ധ വാരാചാരണത്തിൽ സംബന്ധിക്കുകയും സഹായിക്കുകയും ചെയ്തു. തുടർന്നുള്ള ദിവസങ്ങളിൽ വൈദിക വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ വിവിധ ഇടവകകളിൽ വിശ്വാസോൽസവം നടത്തപ്പെട്ടു. മതബോധന വിദ്യാർത്ഥികൾക്കും വൈദിക വിദ്യാർത്ഥികൾക്കും ഇത് വളരെ ഉപകാരപ്രദമായിരുന്നു. വൈദിക വിദ്യാർത്ഥികളെ തങ്ങളുടെ ഇടവകകളിലേക്ക് സ്വാഗതം ചെയ്ത എല്ലാ വികാരിയച്ചൻമാർക്കും പ്രത്യേക നന്ദി. ഈ വർഷത്തെ വിശ്വാസോൽസവ പരിപാടികൾ ചുവടെ ചേർക്കുന്നു.

| തീയതി | ഇടവക |
|---|---|
| ഏപ്രിൽ 9–11 | റിപ്പൺപേട്ട് |
| ഏപ്രിൽ9–11 | ഗോരിഗണ്ടി, ബാളെഹൊന്നൂർ |
| ഏപ്രിൽ 22–23 | വരക്കട്ടെ |
| ഏപ്രിൽ 24–25 | ബോധന, പാസ്റ്ററൽ സെന്റർ |
| ഏപ്രിൽ 27 | സാഗർ (ഇക്കേരി) |
| ഏപ്രിൽ 29–മെയ് 1 | എൻ.ആർ. പുര |

## കന്നഡ, മലയാളം ഭാഷാ പഠനം

വിവിധ സെമിനാരികളിൽ പഠിക്കുന്ന 18 വൈദിക വിദ്യാർത്ഥികൾക്കായി ഇടുവള്ളി സെന്റ് ആന്റണീസ് ഇടവകയിൽ വെച്ച് ഏപ്രിൽ 7 മുതൽ മെയ് 7 വരെ ഭാഷാപഠന ക്ലാസ്സുകൾ നടത്തപ്പെട്ടു. കേരളത്തിൽ നിന്നുള്ളവർക്ക് കന്നഡ ക്ലാസ്സുകളും കർണ്ണാടകയിൽ നിന്നുള്ളവർക്ക് മലയാളം ക്ലാസ്സുകളും ഉണ്ടായിരുന്നു. കന്നഡ ക്ലാസ്സുകൾ നയിച്ച ശ്രീമതി ശുഭ, ജിസ്സ് മറ്റത്തിനും സി. അൽഫോൻസ് എസ്,എച്ച് നും വൊക്കേഷൻ ബ്യൂറോയുടെ പ്രത്യേകം നന്ദി അറിയിക്കുന്നു. ഇടവകയിലെ ഭവനങ്ങൾ സന്ദർശിച്ചതും, കുട്ടികൾക്കായി മലയാളം ക്ലാസുകൾ എടുത്തും, ആദ്യകുർബ്ബാന സ്വീകരണത്തിനായി കുട്ടികളെ ഒരുക്കുവാൻ സഹായിച്ചതുമൊക്കെ വൈദിക വിദ്യാർത്ഥികൾക്ക് വളരെ നല്ല അനുഭവമായിരുന്നു.

## മ്ശംശാന, ഹെവ്പ്പതിയാക്ന പട്ടങ്ങളുടെ സ്വീകരണവും വൈദീകവസ്ത്ര സ്വീകരണവും

നമ്മുടെ രൂപതയിലെ ശെമ്മാശന്മാരായ സെബാസ്റ്റ്യൻ ചകിണിമാന്തറ, വർഗ്ഗീസ് കൊടവന, ജോസഫ് പൊട്ടംപുഴ എന്നിവർ ബോധന പാസ്റ്ററൽ സെന്ററിൽ വെച്ച് 9–ാം തീയതി വിശുദ്ധ കുർബ്ബാന മദ്ധ്യേ അഭിവന്ദ്യ പിതാവിന്റെ കൈവെയ്പ് ശുശ്രൂഷവഴി മ്ശംശാന പട്ടം സ്വീകരിച്ചു. തദവസരത്തിൽ ബ്രദർ തോമസ് കുമ്പളന്താനം, എമ്മാനുവൽ ചെത്തിയിൽ എന്നിവർ വൈദികവസ്ത്രവും സ്വീകരിച്ചു. പട്ടങ്ങൾ സ്വീകരിക്കുന്നതിന് ഒരുക്കമായി വൈദിക വിദ്യാർത്ഥികൾക്ക് ധ്യാനചിന്തകൾ പങ്കുവെച്ച ബഹു. ഫാ. ജോസഫ് പനക്കച്ചിറക്ക് നന്ദി പറയുന്നതോടൊപ്പം പട്ടങ്ങൾ സ്വീകരിച്ച എല്ലാവർക്കും അനുമോദനവും പ്രാർത്ഥനയും നേരുന്നു.

## വൊക്കേഷൻ പ്രോമോഷൻ

നമ്മുടെ രൂപതയ്ക്കുവേണ്ടി വൈദിക പരിശീലനത്തിനായി തലശ്ശേരി, ഇടുക്കി രൂപതകളിൽ നിന്നുമായി 7 വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുവാൻ ദൈവകൃപയിൽ സാധിച്ചു. ഏപ്രിൽ 26, 27 തീയതികളിൽ ഇടുള്ളി സെന്റ് ആന്റണീസ് ഇടവകയിൽവെച്ച് രൂപതാ ദൈവവിളി

ക്യാമ്പ് വൈദിക വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ക്യാമ്പുകളിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ടവരെ വീടു സന്ദർശനത്തിനും ഇന്റർവ്യൂവിനും ശേഷം മണ്ഡ്യ, പരിയാരം, താമരശ്ശേരി എന്നിവിടങ്ങളി ലെ മൈനർസെമിനാരികളിൽ പരിശീലനത്തിനായി അയച്ചു.

അവധിക്കാലത്ത് വിശ്വാസോൽസവത്തിനായും വിശുദ്ധവാരത്തിൽ ഇടവകകളിൽ സഹായിക്കുവാനുമായി ബ്രദേഴ്സിനെ സ്വീകരിച്ച എല്ലാ വികാരിയച്ചൻമാരേയും നന്ദിയോടെ ഓർക്കുന്നു. വിവിധ സ്ഥലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഇത് ഒത്ത് ചേരുവാനും പങ്കുവെക്കുവാനും ഒരുമിച്ച് പഠിക്കാനും പ്രാർത്ഥിക്കുവാനുമുള്ള ഒരുസുവർണ്ണാവസരമായിരുന്നു.

അകാലത്തിൽ ഞങ്ങളിൽനിന്നും അകന്നുപോയ ഞങ്ങളുടെ പ്രി യപ്പെട്ട ഡീക്കൻ വിവിൻ കണ്ണമ്പള്ളിക്ക് ആദരാഞ്ജലികൾ. മൃത സംസ്കാരശുശ്രൂഷയിൽ പങ്കെടുക്കുകയും പ്രാർത്ഥിക്കുകയും ദു:ഖാർത്തരായ കുടുംബാംഗങ്ങളെ സാന്നിദ്ധ്യംകൊണ്ട് ആശ്വസി പ്പിക്കുകയും ചെയ്ത എല്ലാവരേയും നന്ദിയോടെ സ്മരിക്കുന്നു.

**ഫാ. റ്റിനോ വെള്ളാരംകലായിൽ**
ഡയറക്ടർ

## ചെറുപുഷ്പ മിഷൻലീഗ്

രൂപതാചെറുപുഷ്പമിഷൻലീഗിൽനിന്നുംസ്നേഹാശംസകൾ.മിഷൻ ലീഗിനെ സ്നേഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഏവർക്കും ഹൃദയം നിറഞ്ഞ നന്ദി. ചെറുപുഷ്പ മിഷൻ ലീഗിനെ സംബന്ധിക്കുന്ന ചില കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

ഇടവക ആനിമേറ്റേഴ്സ് പലരും സ്ഥലം മാറിപ്പോയതിനാൽ തൽസ്ഥാനത്തേക്ക് പുതിയവരെ തിരഞ്ഞെടുക്കേണ്ടതും അതോടൊപ്പം ഭാരവാഹികളുടെ ഒഴിവിൽ പുതിയവരെ തിരഞ്ഞെടുത്ത് ഈ മാസം 16–ാം തീയതിക്കുമുമ്പായി രൂപതാ ഡയറക്ടറെ അറിയിക്കേണ്ടതാണ്.

ചെറുപുഷ്പമിഷൻ ലീഗിൽ സജീവമായി പ്രവർത്തിക്കുവാൻ ആഗ്രഹവും, താൽപര്യവും തീക്ഷണതയുംഉള്ള മുതിർന്ന സഹോദരി സഹോദരൻമാർ ഇടവകയിലുണ്ടെങ്കിൽ രൂപതാ ടീമിൽ പ്രവർത്തിക്കുവാൻ അവർക്ക് അവസരമുണ്ടായിരിക്കുന്നതാണ്. വികാരിയച്ചൻമാർ അവരെ കണ്ടെത്തി പ്രോൽസാഹിപ്പിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

കർണ്ണാടക സംസ്ഥാനതല മിഷൻലീഗ് ബൈബിൾ കലോൽസവവും വാർഷികാഘോഷവും വരുന്ന ഒക്ടോബറിൽ നമ്മുടെ രൂപതയിൽവെച്ച് നടത്തപ്പെടുന്നു. അതിനൊരുക്കമായുള്ള ഞങ്ങളുടെ പ്രവർത്തനങ്ങളിൽ ബഹു.വികാരിയച്ചൻമാരുടേയുംമറ്റെല്ലാവരുടേയും പൂർണ്ണസഹകരണം ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഫെറോന ഡയറക്ടേഴ്സും, ആനിമേറ്റേഴ്സും മറ്റ് ഭാരവാഹികളും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധയും സഹകരണവും നൽകണമെന്ന് സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു.

## ബൈബിൾ കലോൽസവം

### വ്യക്തിഗത മൽസര ഇനങ്ങൾ

| | |
|---|---|
| നാടോടിനൃത്തം | 7 മിനിറ്റ് |
| പ്രസംഗം | 5 മിനിറ്റ് |
| സോളോ സോങ്ങ് | 5 മിനിറ്റ് |

### സമൂഹ മൽസര ഇനങ്ങൾ

| | |
|---|---|
| ഗ്രൂപ്പ് സോങ്ങ് | 7 മിനിറ്റ് |
| ബൈബിൾ ക്വിസ് | 1 മണിക്കൂർ |

ജൂനിയർ, സീനിയർ തലത്തിലായിരിക്കും മൽസരങ്ങൾ നടത്തപ്പെടുക. ബോയ്സ്, ഗേൾസ് എന്ന രണ്ടു വിഭാഗം ഉണ്ടായിരിക്കുന്നതല്ല.

മൽസരങ്ങളുടെ ഭാഷ– മലയാളം, കന്നഡ, ഇംഗ്ലീഷ് എന്നിവയായിരിക്കും.

എല്ലാ മത്സരങ്ങളും ക്രിസ്തീയ സന്ദേശം ഉൾക്കൊള്ളുന്നതായിരിക്കണം.

നാടോടി നൃത്തത്തിനുള്ള ഗാനങ്ങൾ ക്രിസ്തീയ ഭക്തിഗാനങ്ങളായി രിക്കണം.

ഇടവകതല മത്സരം ജൂലൈ 29 നും ഫൊറോതല മത്സരം ആഗസ്റ്റ് 29 നും രൂപതാ തലമത്സരം സെപ്തംബർ 30 നും മുമ്പായി പൂർത്തിയായി രിക്കണം.

കർണ്ണാടക സംസ്ഥാനതല മത്സരം ഒക്ടോബർ മാസത്തിൽ നമ്മുടെ രൂപത യിൽവച്ചായിരിക്കും നടത്തുക. തീയതി പിന്നീട് അറിയിക്കുന്നതാണ്.

2019–20 അദ്ധ്യയന വർഷത്തിൽ മിഷൻ ലിഗിന്റെ അംഗങ്ങളായവർക്കു മാത്രമേ മൽസരത്തിൽ പങ്കെടുക്കുവാൻ സാധിക്കൂ.

ഇടവക, ഫൊറോന ഡയറക്ടേഴ്സും, ആനിമേറ്റേഴ്സും മറ്റു ഭാരവാഹി കളും ഇക്കാര്യത്തിൽ ശ്രദ്ധിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മി പ്പിക്കുന്നു.

**ഫാ. സെബാസ്റ്റ്യൻ പുല്ലുക്കാട്ട്**
ഡയറക്ടർ

## സീറോ മലബാർ മാതൃവേദി

രൂപതാ മാതൃവേദിയിൽനിന്നും ആശംസകൾ ''കരുത്തും വിശ്വസ്ത തയും നിന്നെ പിരിയാതിരിക്കട്ടെ അവയെ നിന്റെ കഴുത്തിൽ ധരിക്കുകയും ഹൃദയഫലകത്തിൽ രേഖപ്പെടുത്തുകയും ചെയ്യുക''(സുഭ:3:3). പുതിയ അധ്യായന വർഷത്തിൽ പുത്തൻ ആശയങ്ങളുമായി ആത്മവി ശ്വാസത്തോടെ മാതൃവേദി മുന്നേറുമ്പോൾ ദൈവകൃപയിൽ ആശ്രയിച്ച് ഈ വർഷത്തെ പ്ലാനുകളും കർമ്മപരിപാടികളും സമർപ്പിക്കുന്നു.

### വുമൺ കമ്മീഷൻ ജനറൽ ബോഡി മീറ്റിംഗ്

11-05-2019 ന് ബാംഗ്ലൂർ ക്രോസ്സിൽ വച്ച് നടന്ന ജനറൽ ബോഡി മീറ്റിം ഗിൽ സി. ഉഷ സി.എം.സി, ശ്രീമതി ലാലി എന്നിവർ പങ്കെടുക്കുകയും രൂപതയിൽ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെകുറിച്ച് വിവരിക്കുകയും ചെയ്തു. രൂപതയിൽ നടത്താനിരിക്കുന്ന സോഫിയ

പ്രോഗ്രാമിന്റെ ഉദ്ഘാടനത്തിനായി മാതൃവേദിയുടെ ദേശീയ നേതാക്കൾ എത്തുന്ന വിവരം ഏവരെയും അറിയിച്ചു.

### സോഫിയ പരിശീലനം

ഓരോ ഇടവകയിലെയും അമ്മമാരെ പ്രബുദ്ധരാക്കുന്നതിനും അതുവഴി കെട്ടുറപ്പുള്ള കുടുംബജീവിതം നയിക്കുവാൻ സഹായിക്കുന്നതിനുമായി ഇടവകകളിൽനിന്നും കഴിവും നേതൃത്വഗുണവുമുള്ള അമ്മമാരെ കണ്ടെത്തി അവർക്ക് പരിശീലനം നൽകുന്ന കർമ്മപദ്ധതിയാണ് 'സോഫിയ പരിശീലനം' ഈ പരിപാടിയുടെ ഒന്നാം ഭാഗം ഏപ്രിൽ മാസം 6–ാം തീയതി ബോധന പാസ്റ്ററൽസെന്ററിൽ വെച്ച്നടത്തപ്പെട്ടു. ഓരോ ഇടവകയിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട 2 അമ്മമാർ ക്ലാസ്സിൽ പങ്കെടുത്തു. ഫാ. അബ്രഹാം അരിപ്പറമ്പിൽ, ഫാ. സുഭാഷ് ചെല്ലംകാട്ടിൽ, ഫാ. ജെയിംസ് പുൽത്തകിടിയേൽ, സി. ഉഷ സി.എം.സി എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**സി. ഉഷ സി.എം.സി**
ഡയറക്ടർ

## മലനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി

ഭദ്രദീപയുടെ എല്ലാ വായനക്കാർക്കും മലനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സ്നേഹാശംസകൾ! ഭദ്രാവതി രൂപതയുടെ സാമൂഹിക സേവന വിഭാഗത്തിന്റെ കേന്ദ്രമായ എം.എസ്.എസ്.എസിൽ നടന്നുകൊണ്ടിരിക്കുന്ന വിവിധ പരിപാടികളുടെ വിശദമായ വിവരണം ചുവടെ ചേർക്കുന്നു.

എം.എസ്.എസ്.എസ് ന്റെ കീഴിൽ പലവിധ പ്രോജക്ടുകൾ പ്രവർത്തിച്ചുവരുന്നു. എല്ലാ മാസവും മുടങ്ങാതെ നടത്തിവരുന്ന മീറ്റിങ്ങിൽ എല്ലാവരും തങ്ങളുടെ പ്രവർത്തന മേഖലയിൽ നടത്തിവരുന്ന പരിപാടികളെകുറിച്ച് വിശദമായ രീതിയിൽ വിവരിക്കുകയും തുടർന്നുള്ള പ്രവർത്തനത്തിന് പിന്തുണയും പ്രോൽസാഹനവും സ്വീകരിക്കുകയും ചെ

യ്തുവരുന്നു. എം.എസ്.എസ്.എസ്ന്റെന്റെ ഡയറക്ടർ ഫാ. അബ്രഹാം അരീപ്പറമ്പിൽ മീറ്റിംഗുകളിൽ പങ്കെടുത്ത് ആവശ്യമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും നൽകുകയും നൽകുകയും ചെയ്യുന്നു. ഇപ്പോൾ നിലവിലുള്ള പദ്ധതികളാണ് ചുവടെ ചേർക്കുന്നത്.

ചൈൽഡ് ഹെൽപ്പ് ലൈൻ – 1098
സ്ത്രീ ശാക്തീകരണ പരിപാടി (WEP)
നവജീവൻ ഹോളിസ്റ്റിക്ക് കെയർ സെന്റർ (NCCC)
വിമൻ ഇൻ മൈക്രോ എന്റർപ്രൈസസ് (WME)
സുരക്ഷാ കാരിത്താസ് ഇന്ത്യ

ഇക്കഴിഞ്ഞ 3 മാസങ്ങളിലായി കൈകൊണ്ട പ്രധാന പരിപാടികൾ

**ചൈൽഡ് ഹെൽപ്പ് ലൈൻ – 1098**

18 വയസ്സിൽ താഴെയുള്ള കുട്ടികളുടെ സമ്പൂർണ്ണസുരക്ഷയും അവരുടെ ക്ഷേമവും ഉറപ്പുവരുത്തുന്നതിനായി ആഴ്ചയിലെ എല്ലാ ദിവസവും 24 മണിക്കൂറും പ്രവർത്തിക്കുന്ന ഷിമോഗ ജില്ലയിലെ തന്നെ ഏക ഓഫീസാണ് ചൈൽഡ് ഹെൽപ്പ്ലൈൻ 1098. കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി നടത്തപ്പെടുന്ന ഈ സംരംഭത്തിൽ എം.എസ്.എസ്.എസ് ഓഫീസിലേക്ക് വരുന്ന നിരവധി ഫോൺകോളുകൾക്ക് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

ഇന്റർനാഷ്ണൽ ചൈൽഡ് ലൈൻ ഡേ ആയ മെയ് 17 നോടനുബന്ധിച്ച് ജവഹർലാൽ നെഹ്റു കോളേജ് ഭദ്രാവതിയിൽ വെച്ച് ഒരു ഏകദിന ക്യാമ്പ് നടത്തുകയുണ്ടായി. ഏകദേശം 150 വിദ്യാർത്ഥികൾ ഈ പ്രോഗ്രാമിൽ പങ്കെടുത്തു.

അവധിക്കാലമായ ഏപ്രിൽ–മെയ് മാസങ്ങളിൽ കൂടുതലായും നടത്തപ്പെട്ടുവരുന്ന ഒട്ടനവധി ബാല്യവിവാഹങ്ങൾ നിർത്തലാക്കുകയും അതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു. കാണാതായ കുട്ടികളെ കണ്ടെത്തി cwc യിൽ പ്രവേശിപ്പിച്ചു. ശാരീരികമായി പീഡിക്കപ്പെട്ടുകൊണ്ടിരുന്ന കുട്ടികളെ രക്ഷിച്ച് സുരക്ഷിത താവളങ്ങളിലേക്ക്മാറ്റി

പാർപ്പിച്ചു. ഭിക്ഷാടനം ജീവിത മാർഗമാക്കിയിരുന്ന കുട്ടികളെ അതിൽനിന്നും മോചിപ്പിച്ച് നല്ല കൗൺസിലിംഗ് നടത്തി ഉത്തരവാദിത്തത്തോടെ വിവിധ സ്ഥലങ്ങളിൽ ഏൽപ്പിച്ചു. പലവിധ കാരണങ്ങളാൽ വിദ്യാഭ്യാസം മുടങ്ങിപ്പോയവരും നിർത്തിവയ്ക്കേണ്ടി വന്നവരുമായ കുട്ടികകള കണ്ടെത്തി അവർക്ക് തുടർ വിദ്യാഭ്യാസത്തിനുള്ള ക്രമീകരണങ്ങൾ നടത്തി. ഷിമോഗ ജില്ലാ എസ്.പി. യായി ചാർജ് എടുത്ത ശ്രീമതി അശ്വിനി ഐ.പി.എസിന് എം.എസ്.എസ്.എസ്ന്റെ നേതൃത്വത്തിൽ സ്വാഗതം ചെയ്യുകയും ജില്ലയിലെ പ്രവർത്തനങ്ങൾക്ക് ആശംസകൾ അറിയിക്കുകയും ചെയ്തു. ഷിമോഗ ജില്ലയിലെ എല്ലാ താലൂക്കുകളും കേന്ദ്രീകരിച്ച് ഊർജ്ജസ്വലരായി ടീം അംഗങ്ങൾ പ്രവർത്തിക്കുന്നു. നിരവധി സ്റ്റാൾ പ്രോഗ്രാമുകളും ഓപ്പൺ ഹൗസ് പ്രോഗ്രാമുകളും നടത്തുകവഴി എല്ലാവരിലേക്കും ചൈൽഡ് ഹെൽപ്പ് ലൈനിനെകുറിച്ചുള്ള വിവരങ്ങൾ എത്തിക്കാൻ സാധിച്ചു എന്നത് ശ്രദ്ധേയമാണ്. ഇതിനായി അബ്രഹാം അരീപ്പറമ്പിൽ അച്ചനോടൊപ്പം പ്രവർത്തിക്കുന്ന കോഡിനേറ്റർ ശ്രീ പരശുറാമിനെയും ടീമംഗങ്ങൾ ഓരോരുത്തരേയും അഭിനന്ദിക്കുന്നു.

## സ്ത്രീ ശാക്തീകരണ പരിപാടി (WEP)

ഗ്രാമീണ വനിതകളുടെ ആരോഗ്യപരവും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ ആവശ്യങ്ങൾ സംരക്ഷിക്കുന്നതിനും, സ്ത്രീകൾക്കെതിരായ ആക്രമണങ്ങൾ തടയുകയും സ്ത്രീകളെ നേതൃസ്ഥാനത്തിലേക്കെത്തിക്കുയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ജർമ്മനി കേന്ദ്രമായി പ്രവർത്തിക്കുന്ന MISEREOR എന്ന സ്ഥാപനത്തിന്റെ നേതൃത്വത്തിലും മേൽനോട്ടത്തിലും കർണാടക റീജിയണൽ ഓർഗനൈസേഷൻ ഫോർ സോഷ്യൽ സർവ്വീസ് (KROSS) ന്റെ സഹകരണത്തോടും കൂടി പ്രവർത്തിക്കുന്ന പദ്ധതിയാണ് WEP. ഈ പദ്ധതിയുടെ അടിസ്ഥാനത്തിൽ ഷിമോഗ ജില്ല കേന്ദ്രീകരിച്ച് ഷിമോഗ ഹൊളെഹൊന്നൂർ, ആനവട്ടി, ഉംബളെബൈലു, ഇഡുവള്ളി, ഇണ്ടുവള്ളി എന്നിവിടങ്ങളിലായി 215 സ്വസഹായ സംഘങ്ങളും 13 മഹാസംഘങ്ങളും ഇതിൽ ആകെ 3256 അംഗങ്ങളും ഉണ്ട്. എല്ലാ മാസവും ആനിമേറ്റേഴ്സ് ഒരുമിച്ച് കൂടുകയും റിപ്പോർട്ട് യഥാസമയം സമർപ്പിക്കുകയും ചെയ്യുന്നു.

ഇക്കഴിഞ്ഞ മാർച്ച് 14,15 തീയ്യതികളിൽ WEP കർണാടക റീജണൽ കോർഡിനേറ്റേഴ്സായ സി. സിറ്റ, ശ്രീ. സെബാസ്റ്റ്യൻ എന്നിവർ നമ്മുടെ പ്രവർത്തനങ്ങൾ നേരിട്ട് മനസ്സിലാക്കുവാനും വിലയിരുത്തുവാനുമായി വരികയുണ്ടായി. നല്ല രീതിയിൽ പ്രവർത്തിക്കുന്ന സ്വാശ്രയ സംഘങ്ങളെയും അതിനു ചുക്കാൻപിടിക്കുന്ന ഡയറക്ടർ, കോർഡിനേറ്റർ, ആനിമേറ്റേഴ്സ് എന്നിവരെയും ഓരോ വ്യക്തികളെയും ടീം അഭിനന്ദിച്ചു. കൂടുതൽ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിച്ചുകൊണ്ട് ഒരു നല്ല റിസൾട്ട് വരട്ടെ എന്ന് അവർ ആശംസിക്കുകയും ചെയ്തു.

തുടർന്ന് ഏപ്രിൽ 17–ാം തീയതി Mr. Richard matics, Finance Manager, KROSS നമ്മുടെ ഓഫീസിൽ വരികയും കണക്കു സംബന്ധമായ രേഖകൾ പരിശോധിച്ച് വ്യക്തവും ലളിതവുമായ രീതിയിൽ തന്റെ അഭിപ്രായവും നിർദ്ദേശങ്ങളും പങ്കുവെക്കുകയും ചെയ്തു. WEP പ്രോജക്ടിലേക്ക് പുതുതായി നിയമിക്കപ്പെട്ട കോർഡിനേറ്റർ ശ്രീമതി കവിതയെ എം.എസ്.എസ്. എസ്‌ലേക്ക് സ്വാഗതം ചെയ്തു.

**സുരക്ഷ**

കാരിത്താസ് ഇന്ത്യയുടെ പൂർണ്ണമായ സഹായത്തോടെ പ്രവർത്തിക്കുന്ന പദ്ധതിയാണ് സുരക്ഷ. ഓരോ വ്യക്തിയുടെയും ആരോഗ്യപരവും വ്യക്തിപരവുമായ ഉന്നമനത്തെ ലക്ഷ്യം വച്ചു കൊണ്ടു വിവിധ തരത്തിലുള്ള ക്ലാസുകൾ സംഘടിപ്പിക്കുകയും ബോധവൽക്കരണ പരിപാടികൾ നടത്തുകയും ചെയ്യുന്നു. രൂപതയിലെ എല്ലാ വ്യക്തികളിലേക്കും ക്രിസ്തു ചൈതന്യം പ്രസരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഇക്കഴിഞ്ഞ മെയ്മാസത്തിൽ 2 ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുകയുണ്ടായി. KROSS ബാംഗ്ലൂരിൽ വെച്ച് നടത്തപ്പെട്ട ഈ പരിപാടിയിൽ കർണ്ണാടകയുടെ നാനാഭാഗത്തുനിന്നും 14 രൂപതകളെ പ്രതിനിധീകരിച്ച് ഏകദേശം 60 പേർ പങ്കെടുത്തു. ഭദ്രാവതി രൂപതയെ പ്രതിനിധീകരിച്ച് ശ്രീ. ജോബി മാത്യു, സി. ചാൾസ് എസ്,എച്ച്, സി.ജോളി, സി.എം.സി, സി. സുപ്രിയ ഡി.എസ്.എച്ച്.ജെ എന്നിവർ പങ്കെടുത്തു.

## നവജീവൻ ഹോളിസ്റ്റിക് കെയർ സെന്റർ

ഭദ്രാവതി രൂപതയുടെ നേതൃത്വത്തിൽ നടത്തി വരുന്ന മറ്റൊരു സംരഭമാണ് നവജീവൻ ഹോളിസ്റ്റിക് കെയർ സെന്റർ. മൂലെക്കട്ടെ എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഈ സ്ഥാപനത്തിൽ HIV-AIDS രോഗബ ാധിതരായ വ്യക്തികൾക്കാവശ്യമായ മുരുന്നുകളും അതോടൊപ്പം കൗൺസിലിങ്ങും നടത്തി സമൂഹത്തിൽ തുടർന്നു ജീവിക്കാനുള്ള മനോധൈര്യവും ആത്മശക്തിയും നൽകുന്നു. ഇതുവരെയുള്ള കണക്കുപ്രകാരം 12364 എച്.ഐ.വി ബാധിതരായ വ്യക്തികളുണ്ട്. അതിൽ 200 ൽപരം കുട്ടികളും ഉൾപ്പെടുന്നു. ഡയറക്ടർ ഫാ.ജെയിംസ് പുൽത്തകിടിയേലിനും, സി സാറയോടുമൊപ്പം 2 നഴ്സിംഗ് സ്റ്റാഫ് നല്ല രീതിയിൽ പ്രവർത്തിക്കുന്നു.

## സ്ത്രീ സ്വയം തൊഴിൽ പദ്ധതി

സ്വസഹായ സംഘങ്ങൾ കേന്ദ്രീകരിച്ച് സ്ത്രീകൾക്ക് തങ്ങളുടെ ജീവിത ത്തിന് സ്വയം തൊഴിലിലൂടെ സഹായമേകുന്ന രീതിയിൽ സാമ്പത്തി കമായി അവരെ സഹായിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. KROSS ന്റെ തന്നെ മറ്റൊരു സംരഭമായ SAMRUDI യിൽ നിന്നുമാണ് ഈ സഹായം നമുക്ക് ലഭിക്കുന്നത്. ഇതിലൂടെ സഹായംലഭിച്ച ഒട്ടനവധി പേർക്കും തങ്ങളുടെ ജീവിതാന്തസ് മെച്ചപ്പെടുത്തുവാൻ സാധിച്ചു.എല്ലാ മാസവും വിവിധ സ്ഥലങ്ങളിൽ നിന്നും മാസഗഡു സമാഹരിച്ച് തിരിച്ചട വ് മുടക്കാതെ നടത്തി വരുന്നു.

## ഉപസംഹാരം

എം.എസ്.എസ്.എസ്ന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഓരോ പദ്ധതികളും ഓരോ വ്യക്തിയുടെയും ജീവിതത്തെ മാറ്റാനും മെച്ചപ്പെടു ത്താനുമാണ് തുടർന്നും ജില്ലയിലെ മറ്റു സ്ഥലങ്ങളിലേക്കും എം.എസ്. എസ്.എസ്ന്റെ സഹായഹസ്തങ്ങൾ എത്തിച്ചേരുവാൻ ഇടയാകട്ടെ എന്നു നമുക്ക് പ്രത്യാശിക്കാം തുടർന്നും ഏവരുടെയും പ്രാർത്ഥനകൾ യാചിച്ചുകൊണ്ട് എം.എസ്.എസ്.എസ്ന്റെ പ്രവർത്തികൾ വ്യാപിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**ഫാ. അബ്രഹാം അരിപ്പറമ്പിൽ**
ഡയറക്ടർ

# BISHOP'S DIARY

## MARCH 2019

02 : Offered Holy Eucharist at St. Peter's Church, Masthikatte on the occasion of the Parish feast and gave First Holy Communion and Confirmation to the children

04 : Celebrated Holy Mass at Infant Jesus Church, Moolakatte, Bhadravathi and blessed and distributed ash on Ash Monday, at the beginning of the Lent

05 : Participated in the Monthly Recollection of Ripponpett Forane at St. Thomas Church, Ikkeri

06 : Participated in the discussion on the renewal of the Statutes of KSMCA at Jnananilaya, Belthangadi

07 : Participated in the Monthly Recollection of N.R. Pura Forane at CMC Pushpa Convent, NR Pura

10 : Received the Provincial Superior of SABS Pala Province at the Bishop's House; offered Holy Mass at St. Joseph Church, Shimoga

15 : Offered Holy Mass and conferred Minor Orders on the candidates at Sanathana Major Seminary, Thamarassery

16 : Offered Holy Eucharist and conferred Diaconate at Sanathana Major Seminary, Thamarassery

17 : Offered Holy Mass at East Hill Parish, Kozhikode

19 : Participated in the Meeting of the Diocesan Pastoral Council, at Bodhana Pastoral Centre

## APRIL 2019

16 : Presided at the Meeting of the Diocesan Presbyterium at Bodhana Pastoral Centre

27 : Offered Holy Eucharist at Little Flower Cathedral N. R. Pura

and gave First Holy Communion to the children; Celebrated Holy Mass at St. Norbert Church, Koppa and blessed the newly erected Altar, on the occasion of the Parish Feast

28 : Offered Holy Mass at St. Antony's Church, Varkatte and gave First Holy Communion to the children

29 : Offered Holy Mass at DSS Convent, Umblebylu on the occasion of DSS Golden Jubilee celebration

30 : Offered Holy Mass at S.H. Convent, Holehonnur on the occasion of the Silver Jubilee of Rev. Sr. Dalia and Sr. Shanthi Paul

**MAY 2019**

01 : Celebrated Holy Mass at St. Joseph Parish, Shettikoppa on the occasion of the Parish Feast

02 : Celebrated Holy Mass at St. Thomas Church, Ikkeri and blessed the renovated M'dbaha and newly erected Altar, on the occasion of the Parish Feast

05 : Officiated the engagement of Ms. Sharone Kottukappilly at Infant Jesus Cathedral, Mysore

09 : Conferred Diaconate and Minor Orders on candidates of the diocese at Bodhana Pastoral Centre

11 : Offered Holy Mass at St. Antony's Parish, Iduvally and gave First Holy Communion to the children on the occasion of the Parish Feast

12 : Offered Holy Eucharist at St. Joseph's Church, Shimoga, and gave First Holy Communion to the children

18 : Inaugurated the Catechism teachers' training session at Bodhana Pastoral Centre

# BISHOP'S PROGRAMME

## JUNE 2019

20: Claritian Fathers come to Ikkeri, Sagar

22 : Training to Parish Secretaries and Kaikars at Bodhana Pastoral Centre

23 : Holy Mass at St. Thomas Church, Ikkeri, Sagar

24 : Regional Health Commission Meeting at KROSS, Bangalore

29 : Superiors' Meeting of the Women Religious Communities working in the diocese

## JULY 2019

01 : Catechism Directors' Meeting, St. Thomas Mount, Kakkanad

04-07: St. Thomas day Celebration, Sharjah

13-31: Mission Appeal Programme

## AUGUST 2019

07-09 :Annual Meeting of KRCBC at KROSS, Bangalore

04-07 :St. Thomas day Celebration, Sharjah

15 :Feast of Assumption, Independence Day

19-30 :Synod of Syro-Malabar Bishops at Mount St. Thomas, Kakkanad

# ಧರ್ಮಪ್ರಾಂತ್ಯದ ವಾರ್ತೆಗಳು
# ನೇಮಕಾತಿಗಳು

**Appointments and Transfers:**

| | |
|---|---|
| Very Rev. Fr. Allumpurathu Francis, O.praem | : Protosyncellus |
| Very Rev. Fr. Mumdaplackal Kuriakose | : Syncellus |
| Rev. Fr. Vellaramkalayil Thomas | : Vice-Chancellor, Asst. Director, Bible and Catechesis |
| Rev. Fr. Palakudy Tomy` | : Studies |
| Rev. Fr. Pulickal Kuriakose, mcbs | : Parish Priest, Nagavally |
| Rev. Fr. Kannappilly Augustine, mcbs | : Returned to the Congregation |
| Rev. Fr. Cherucheruppil James | : Parish Priest, Muthinakoppa and Mallandur |
| Rev. Fr. Panachickal George (Manu) | : Asst. Parish Priest, NRPura |

# ವಂದನೆ, ಸ್ವಾಗತ

ಕಳೆದ ಮೂರು ವರ್ಷ ವಿಗಾರ್ ಜನರಾಳ್ ಹಾಗೂ ಕಥೆಡ್ರಲ್ ವಿಗಾರ್ ಆಗಿ ಸೇವೆ ಸಲ್ಲಿಸಿ, ಬೇರೆಡೆಗೆ ವರ್ಗವಾಗಿರುವ ವಂದನೀಯ ಅಗಸ್ಟಿನ್ ಉರುಂಬುಕಾಟಿಲ್ ಗುರುಗಳಿಗೂ, ನಾಗವಳ್ಳಿ ವಿಗಾರ್ ಆಗಿ ಸೇವೆ ಸಲ್ಲಿಸಿ, ವರ್ಗವಾಗಿರುವ ವಂದನೀಯ ಅಗಸ್ಟಿನ್ ಕನ್ನಪ್ಪಳ್ಳಿ ಗುರುಗಳಿಗೆ ವಂದನೆಗಳು ಹಾಗೂ ಹೊಸ ಸ್ಥಳದಲ್ಲಿ ಎಲ್ಲಾ ರೀತಿಯ ಶುಭ ಹಾರೈಕೆಗಳು. ಹೊಸದಾಗಿ ಧರ್ಮಪ್ರಾಂತ್ಯದಲ್ಲಿ ಸೇವೆ ಸಲ್ಲಿಸಲು ಆಗಮಿಸಿರುವ ಅತಿ ವಂದನೀಯ ಫಾ. ಕುರಿಯಾಕೋಸ್ ಮುಂಡಪ್ಲಾಕಲ್ ಗುರುಗಳು ಹಾಗೂ ಕುರಿಯಾಕೋಸ್ ಪುಳಿಕ್ಕಲ್ ಗುರುಗಳಿಗೆ ಹಾಗೂ ವಂದನೀಯ ಸನ್ಯಾಸಿನಿಯರಿಗೆ ಸ್ವಾಗತದೊಂದಿಗೆ, ಶುಭಾಷಯಗಳನ್ನು ಬಯಸುತ್ತೇವೆ.

# ಪಾಸ್ಟರಲ್ ಕೌನ್ಸಿಲ್

2019ರ ಮಾರ್ಚ್ 19ರಂದು ಸೇರಿದ ಪಾಸ್ಟರಲ್ ಕೌನ್ಸಿಲ್ ಸಭೆಯು ಸಿ.ರೋಸ್ ಎಫ್.ಸಿ.ಸಿ ಯವರ ಪ್ರಾರ್ಥನೆಯೊಂದಿಗೆ ಪ್ರಾರಂಭವಾಯಿತು. ಫಾ. ಫ್ರಾನ್ಸಿಸ್ ಅಳ್ಳುಂಪುರಂ ಎಲ್ಲರನ್ನೂ ಸಾಗತಿಸಿದರು. ಶ್ರೀ ಜೋಮಿ ಮಾಥ್ಯು ವರದಿ

ವಾಚಿಸಿದರು. ಫಾ. ಸೆಭಾಸ್ಟೀನ್ ಪುಲ್ಲುಕ್ಕಾಟ್ ಇವರನ್ನು ಸೆಂಟ್ರಲ್ ಪಾಸ್ಟರಲ್ ಸಮಿತಿಗೆ ಆಯ್ಕೆ ಮಾಡಲಾಯಿತು.

ಕರ್ನಾಟಕ ಸೀರೋ ಮಲಬಾರ್ ಕ್ಯಾಥೊಲಿಕ್ ಅಸೋಸಿಯೇಷನ್‌ನ ಧರ್ಮಪ್ರಾಂತ್ಯದ ಅಧ್ಯಕ್ಷರಾಗಿ ಆಯ್ಕೆ ಮಾಡಲಾದ ಶ್ರೀ ಡೇವಿಸ್ ನೀಲಂಗಾವಿಲ್ ಹಾಗೂ ಮಾತೃವೇದಿ ಧರ್ಮಪ್ರಾಂತ್ಯದ ಅಧ್ಯಕ್ಷರಾಗಿ ಆಯ್ಕೆ ಮಾಡಲಾದ ಶ್ರೀಮತಿ ರೀನ ಇವರಿಗೆ ಸುಭಾಷಯಗಳನ್ನು ಕೋರಲಾಯಿತು. ಅಧ್ಯಕ್ಷ ಭಾಷಣದಲ್ಲಿ ಅತಿ ವಂದನೀಯ ಧರ್ಮಾದ್ಯಕ್ಷರು ಭಕ್ತಾದಿಗಳನ್ನು ಸಶಕ್ತರನ್ನಾಗಿಸಲು ಧರ್ಮಪ್ರಾಂತ್ಯದ ಕಾರ್ಯಚಟುವಟಿಕೆಗಳನ್ನು ವಿವರಿಸಿದರು. ನಾಮಧಾರಿ ಹಬ್ಬ ಆಚರಿಸುತ್ತಿರುವ ಧರ್ಮಾಧ್ಯಕ್ಷರಿಗೆ ಸುಭಾಷಯಗಳನ್ನು ಕೋರಲಾಯಿತು. ಶ್ರಿ ಸಜಿ ಪುಳಿಕ್ಕಕುನ್ನೇಲ್ ವಂದನೆಯನ್ನು ಸಲ್ಲಿಸಿದರು.

## ಆಲೋಚನಾ ಸಮಿತಿ

2019ರ ಮಾರ್ಚ್ 19ಕ್ಕೆ ಮಧ್ಯಾಹ್ನ 2–30ಕ್ಕೆ ಆಲೋಚನಾ ಸಮಿತಿಯು ಅತಿ ವಂದನೀಯ ಧರ್ಮಾದ್ಯಕ್ಷರ ಅಧ್ಯಕ್ಷತೆಯಲ್ಲಿ ಸಭೆಯನ್ನು ಸೇರಲಾಯಿತು. ಸಂಶಾಬಾದ್ ಧರ್ಮಪ್ರಾಂತ್ಯದೊಂದಿಗೆ ಚಿತ್ರದುರ್ಗ, ದಾವಣಗೆರೆ, ಹಾವೇರಿ, ಉತ್ತರಕನ್ನಡ ಜಿಲ್ಲೆಗಳೊಂದಿಗೆ ಮಾಡಬಹುದಾದ ಒಪ್ಪಂದಗಳ ಬಗ್ಗೆ, ಕಡೂರು ತಾಲೂಕನ್ನು ಧರ್ಮ ಪ್ರಚಾರಕ್ಕಾಗಿ ಕ್ಲೆರೀಷನ್ ಸಭೆಗೆ ವಹಿಸುವ ಬಗ್ಗೆ, ಧರ್ಮಪ್ರಾಂತ್ಯಕ್ಕೆ ಭದ್ರಾವತಿ ಬೈಪಾಸ್‌ನಲ್ಲಿರುವ ಜಾಗದ ವಿಷಯವಾಗಿಯೂ ಚರ್ಚಿಸಿ, ತೀರ್ಮಾನಿಸಲಾಯಿತು.

## ಗುರುವೃಂದದವರ ಸಮ್ಮೇಳನ

2019 ರ ಏಪ್ರಿಲ್ 16ರ ಮಧ್ಯಾಹ್ನ 12–00 ಗಂಟೆಗೆ ಬೋಧನಾ ಪಾಸ್ಟರಲ್ ಸೆಂಟರಿನಲ್ಲಿನಡೆದ ಗುರುವೃಂದದವರ ಸಮ್ಮೇಳನವನ್ನು ಫಾ. ಪೋಳ್ ತಟ್ಟುಪರಂಬಿಲ್ ಇವರ ಪ್ರಾರ್ಥನೆಯೊಂದಿಗೆ ಪ್ರಾರಂಭಿಸಲಾಯಿತು. ವಿಗಾರ್ ಜನರಾಳ್ ರೆ.ಫಾ. ಅಗಸ್ಟಿನ್ ಉರುಂಬುಕಾಟಿಲ್ ಎಲ್ಲರನ್ನೂ ಸ್ವಾಗತಿಸಿದರು. ರೆ.ಫಾ. ಫ್ರಾನ್ಸೀಸ್ ಅಳ್ಳುಂಪುರಂ ವರದಿ ವಾಚಿಸಿದರು. ವಂದನೀಯ ಧರ್ಮಾಧ್ಯಕ್ಷರು ತಮ್ಮ ಸಂದೇಶದಲ್ಲಿ ಗುರುವೃಂದದವರು ಯೇಸುಕ್ರಿಸ್ತರ ಸಂದೇಶವಾಹಕರು ಹಾಗೂ ಸಾಕ್ಷಿಗಳಾಗಬೇಕಾಗಿರುವ ಕರೆಯ ಬಗ್ಗೆ ಎಲ್ಲರನ್ನೂ ಎಚ್ಚರಿಸಿರು.

## ಕೆಳಗಿನ ವಿಷಯಗಳನ್ನು ಚರ್ಚಿಸಲಾಯಿತು.

1. ತೈಲಾಶೀರ್ವಾದ ಧರ್ಮಪ್ರಾಂತ್ಯದ ಹೊರತಾಗಿ ಧರ್ಮಕೇಂದ್ರಗಳಲ್ಲೂ ನಡೆಸುವ ಬಗ್ಗೆ ಅಲೋಚಿಸಲಾಯಿತು.

2.ಧರ್ಮಕೇಂದ್ರದ ಧ್ಯಾನಕೂಟಗಳ ತಂಡದಲ್ಲಿ ಗುರುವೃಂದದವರು ಕಡ್ಡಾಯವಾಗಿ ಇರತಕ್ಕದ್ದು,

3.5 ಮಂದಿಯನ್ನೊಳಗೊಂಡ ಕೇಂದ್ರೀಯ ದೂರು ಸಮಿತಿ ರಚಿಸುವ ಬಗ್ಗೆ ಧರ್ಮಾಧ್ಯಕ್ಷರು ವಿವರಿಸಿದರು.

4.ಜನವರಿ 15, 20 ರ ಮಧ್ಯೆ ಧರ್ಮಪ್ರಾಂತ್ಯದಲ್ಲಿ ಸೇವೆ ಸಲ್ಲಿಸುತ್ತಿರುವ ಗುರುವೃಂದದವರ ಒಂದು ಸಮ್ಮೇಳನದ ಬಗ್ಗೆ ಆಲೋಚಿಸಲಾಯಿತು. ಅದಕ್ಕಾಗಿ ಫೊರೋನ ವಿಗಾರ್‌ರವರೊಂದಿಗೆ ವಂದನೀಯ ಕ್ಲೀಟಸ್ ಹಾಗೂ ಅರೀಪರಂಬಿಲ್ ಗುರುಗಳಿಗೆ ಜವಾಬ್ದಾರಿಯನ್ನು ನೀಡಲಾಯಿತು.

5.ಕಳೆದ ಮೂರು ವರ್ಷ ವಿಗಾರ್ ಜನರಾಳ್ ಹಾಗೂ ಕಥೆಡ್ರಲ್ ವಿಗಾರ್ ಆಗಿ ಸೇವೆ ಸಲ್ಲಿಸಿ, ಬೇರೆಡೆಗೆ ವರ್ಗವಾಗಿರುವ ವಂದನೀಯ ಅಗಸ್ಟಿನ್ ಉರುಂಬುಕಾಟಿಲ್ ಗುರುಗಳಿಗೂ, ನಾಗವಳ್ಳಿ ವಿಗಾರ್ ಆಗಿ ಸೇವೆ ಸಲ್ಲಿಸಿ ವರ್ಗವಾಗಿರುವ ವಂದನೀಯ ಅಗಸ್ಟಿನ್ ಕನ್ನಪ್ಪಳ್ಳಿ ಗುರುಗಳಿಗೆ ವಂದನೆಗಳನ್ನು ಸಲ್ಲಿಸಲಾಯಿತು.

### ಪ್ರತ್ಯೇಕ ವಸೂಲಿಗಳು:

1. ಪೇತ್ರನ ನಿಧಿ: 2019 ಜೂನ್ 30
2. ಸಭಾದಿನ ನಿಧಿ:2019ಜೂನ್ 07
3. ಸೆಮಿನಾರಿ ನಿಧಿ: 2019 ಆಗಸ್ಟ್ 04

**PHONE NUMBERS**

| | |
|---|---|
| **Very Rev. Fr. Kuriakose Mumdaplackal** | **: 9447321738** |
| **Re. Fr. Kuriakose (Jomon) Pulickal, mcbs** | **: 8547174652** |

**ರೆ. ಫಾ. ಫ್ರಾನ್ಸಿಸ್ ಅಳ್ಳುಂಪುರಂ**

4.ವಿಗಾರ್ ಜನರಾಳ್